**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

# ആഭ്യന്തര കാര്യങ്ങൾ
# (HOME AFFAIRS)

## 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്
(Presented on 6th October, 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (HOME AFFAIRS)

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

1139/2025.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)
# (2023-2026)

## ഘടന

ചെയർപേഴ്സൺ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ് .

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ (ആഭ്യന്തര കാര്യങ്ങൾ) നാലാമത് റിപ്പോർട്ട് 2024 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടികൾ 31-7-2025, 4-10-2025-എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം ഭാഗത്തിൽ മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2025 ഒക്ടോബർ 4-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2025 ഒക്ടോബർ, 6.

**പിണറായി വിജയൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIV.*

# റിപ്പോർട്ട്

## ഭാഗം - I

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

### ശിപാർശ

2013-00-101-99-01-4—മന്ത്രിമാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മന്ത്രിമാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ചെലവുകൾക്കായി 2024-25 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 1)

### സ്വീകരിച്ച നടപടി

2013-00-101-99-01-04-മന്ത്രിമാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 40,00,000 രൂപയായിരുന്നു. അധിക വിഹിതമായി 5,09,000 രൂപ അനുവദിച്ചു. ആകെ 45,09,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 42,34,975 രൂപയാണ്.

(സർക്കാർ കത്ത് നം.ബി.ഡബ്ല്യൂ2/34/2024-പൊ.ഭ.വ. തീയതി 21-5-2025)

### ശിപാർശ

2013-00-104-99-13—അതിഥി സൽക്കാര ചെലവുകൾ- ആതിഥേയ/ വിനോദ ചെലവുകൾ

അതിഥി സൽക്കാരച്ചെലവുകളുടെ ബില്ലുകൾ ട്രഷറിയിൽ പാസ്സാകാതെ അവശേഷിക്കുന്നതിനാലും അലോട്ട്മെന്റിന്റെ അപര്യാപ്തതയിൽ ബില്ലുകൾ സമർപ്പിക്കാൻ അവശേഷിക്കുന്നതിനാലും നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 2)

<u>സ്വീകരിച്ച നടപടി</u>

2013-00-104-99-13—അതിഥി സൽക്കാര ചെലവുകൾ-ആതിഥേയ/വിനോദ ചെലവുകൾ എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 45,00,000 രൂപയായിരുന്നു. അധിക വിഹിതമായി 10,18,000 രൂപ അനുവദിച്ചു. ആകെ 55,18,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 54,40,856 രൂപയാണ്.

(സർക്കാർ കത്ത് നം.ബി.ഡബ്ല്യൂ2/34/2024-പൊ.ഭ.വ. തീയതി 21-5-2025)

<u>ശിപാർശ</u>

2051-00-102-99—<u>പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാബത്ത ചെലവിലേയ്ക്കും കമ്മീഷന്റെ ആസ്ഥാന ഓഫീസ്, വിവിധ ജില്ലാ/മേഖലാ ഓഫീസുകൾ, പി.എസ്.സി. ഗസ്റ്റ് ഹൗസ് എന്നിവിടങ്ങളിലെ വെള്ളക്കരം, ഇലക്ട്രിസിറ്റി ചാർജ്ജ്, വിവിധ ഓഫീസുകളുടെ വാടക എന്നിവ നൽകുന്നതിലേയ്ക്കും ബന്ധപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ ചോദ്യപേപ്പർ മേഖല/ജില്ലാ ഓഫീസുകളിൽ എത്തിക്കുന്നതിനും പരീക്ഷയ്ക്കുശേഷം ഉത്തരകടലാസ്സുകൾ തിരികെ ആസ്ഥാന ഓഫീസുകളിലേക്ക് എത്തിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കും അനുയോജ്യമായ ഒരു ഹെവി ഡ്യൂട്ടി വാഹനം വാങ്ങുന്നത് ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 45.4 ലക്ഷം രൂപ |
| 04-1—യാത്രാചെലവുകൾ - യാത്രാബത്ത | 1.1185 കോടി രൂപ |
| 05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം | 5.27 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 9 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 13 ലക്ഷം രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ | 34.39 ലക്ഷം രൂപ |

(ഖണ്ഡിക നം. 3)

<u>സ്വീകരിച്ച നടപടി</u>

2051-00-102-99-01-4—ശമ്പളം മെഡിക്കൽ റീഇംബേഴ്‌സ്‌മെന്റ് എന്ന ഇനത്തിൽ ₹42,81,000 (നാൽപ്പത്തിരണ്ട് ലക്ഷത്തി എൺപ്പത്തിയൊന്നായിരം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു.

(G.O.(Rt)No.6172/2024/Fin Dated 12-8-2024, G.O.(Rt)No.8378/2024/Fin Dated 12-11-2024, G.O.(Rt)No.849/2025/Fin Dated 29-1-2025, and G.O.(Rt)No.2230/2025/Fin Dated 10-3-2025)

04-1—യാത്രാചെലവുകൾ - യാത്രാബത്ത എന്ന ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം എന്ന ഇനത്തിൽ ₹10,50,000/- (പത്ത് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു.

(G.O.(Rt)No.6972/2024/Fin. Dated 12-9-2024, G.O.(Rt)No.9625/2024/Fin Dated 30-12-2024, and G.O.(Rt)No.1835/2025/Fin Dated 27-2-2025)

05-2—വൈദ്യുതി ചെലവ് എന്ന ഇനത്തിൽ ₹7,00,000 (ഏഴ് ലക്ഷം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു.

(G.O.(Rt)No.2613/2025/Fin Dated 19-3-2025)

06—വാടക, കരം, നികുതി എന്ന ഇനത്തിൽ ₹28,00,000/- (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു.

(G.O.(Rt)No.1835/2025/Fin Dated 27-2-2025)

21-1—മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ എന്ന ഇനത്തിൽ ₹50,00,000 (അമ്പത് ലക്ഷം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ ആയി അനുവദിച്ചു.

(G.O.(Rt)No.4391/2024/Fin Dated 1-6-2024)

(സർക്കാർ കത്ത് നം.സ്പെ.ഇ 1/83/2024/പൊ.ഭ.വ. തീയതി 17-6-2025)

<u>ശിപാർശ</u>

2052-00-090-99—<u>അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്</u>

ഈ ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേതനം, അവധിയാത്രാനുകൂല്യം എന്നിവ നൽകുന്നതിനും, ഓഫീസിലെ മറ്റു ചെലവുകൾക്കും പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ വാങ്ങുന്നതിനുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൻ കീഴിലെ കണക്കിനങ്ങളിൽ 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്- 35 ലക്ഷം രൂപ, 02 – വേതനം (ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ) - 40 ലക്ഷം രൂപ, 04-4 -അവധി യാത്രാനുകൂല്യം - 10 ലക്ഷം രൂപ, 05-4 - മറ്റിനങ്ങൾ - 1 കോടി രൂപ, 24- സാധനസാമഗ്രികൾ- 12 ലക്ഷം രൂപ വീതം ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 4)

<u>സ്വീകരിച്ച നടപടി</u>

2052-00-090-99-01-04-മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 31,37,000 രൂപയായിരുന്നു. അധിക വിഹിതമായി 2,73,000 രൂപ അനുവദിച്ചു. ആകെ 34,10,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 34,06,955 രൂപയാണ്.

2052-00-090-99-02-(01,02,03)- വേതനം എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 87,87,000 രൂപയായിരുന്നു. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 94,57,836 രൂപയാണ്. അധിക തുക ആവശ്യമായി വന്നില്ല.

2052-00-090-99-04-04- അവധിയാത്രാനുകൂല്യം എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 13,50,000 രൂപയായിരുന്നു. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 12,29,028 രൂപയാണ്. അധിക തുക ആവശ്യമായി വന്നില്ല.

2052-00-090-99-05-04 മറ്റിനങ്ങൾ എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 4,24,46,000 രൂപയായിരുന്നു. അധിക വിഹിതമായ 15,00,000 രൂപ അനുവദിച്ചു. ആകെ 4,39,46,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 4,17,84,138 രൂപയാണ്.

2052-00-090-99-24- സാധന സാമഗ്രികൾ എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 3,00,000 രൂപയായിരുന്നു. അധിക വിഹിതമായി 1,00,000 അനുവദിച്ചു. ആകെ 4,00,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 3,98,061 രൂപയാണ്.

(സർക്കാർ കത്ത് നം.ബി.ഡബ്ല്യൂ2/34/2024-പൊ.ഭ.വ. തീയതി 21-5-2025)

<u>ശിപാർശ</u>

2052-00-090-98—<u>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന് യാത്രാബത്തായിനത്തിൽ അനുവദിച്ച 10 ലക്ഷം രൂപ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, 04-1-യാത്രാചെലവുകൾ-യാത്രാബത്ത ഇനത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 5)

<u>സ്വീകരിച്ച നടപടി</u>

2052-00-090-98-04-01 മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - യാത്രാബത്ത എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 10,00,000 രൂപയായിരുന്നു. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 7,55,560 രൂപയാണ്. അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം.ബി.ഡബ്ല്യൂ2/34/2024-പൊ.ഭ.വ. തീയതി 21-5-2025)

<u>ശിപാർശ</u>

2052-00-090-97—<u>മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, ഈ ശീർഷകത്തിലെ 04-1 യാത്രാബത്ത എന്ന കണക്കിനത്തിൽ അനുവദിച്ച 35 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാൽ ഈ കണക്കിനത്തിൽ 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 6)

<u>സ്വീകരിച്ച നടപടി</u>

2052-00-090-97-04-01 മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് - യാത്രാബത്ത എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക - വർഷത്തെ ബജറ്റ് വിഹിതം 35,00,000 രൂപയായിരുന്നു. അധിക വിഹിതമായി 7,00,000 രൂപ അനുവദിച്ചു. ആകെ 42,00,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 41,74,036 രൂപയാണ്.

(സർക്കാർ കത്ത് നം.ബി.ഡബ്ല്യൂ2/34/2024-പൊ.ഭ.വ. തീയതി 21-5-2025)

<u>ശിപാർശ</u>

2052-00-090-95—<u>നിയമ വകുപ്പ്</u>

നിയമവകുപ്പിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 12 ലക്ഷം രൂപ |
| 04-1—യാത്രാചെലവുകൾ-യാത്രാബത്ത | 8 ലക്ഷം രൂപ |
| 04-2—സ്ഥലംമാറ്റബത്ത | 5 ലക്ഷം രൂപ |
| 21-2—മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 1 ലക്ഷം രൂപ |
| 26—ഔദ്യോഗികഭാഷാ പ്രയോഗം | 1.48 ലക്ഷം രൂപ |
| 45—പി.ഒ.എൽ | 1 ലക്ഷം രൂപ |
| 99—വിവരസാങ്കേതിക വിദ്യ | 9 ലക്ഷം രൂപ |

(ഖണ്ഡിക നം. 7)

<u>സ്വീകരിച്ച നടപടി</u>

2052-00-090-95-00-01-4- ശമ്പളം -മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന കണക്ക് ശീർഷകത്തിൽ 2-4-2024-ലെ G.O(Rt) No. 3169/2024/Fin പ്രകാരം 18-4-2024-ന്

78,200 രൂപയും. 17-5-2024-ന് 3,12,800 രൂപയും 4-11-2024-ലെ G.O(Rt) No.8147/2024/Fin പ്രകാരം 12-11-2024-ന് 3,30,000 രൂപയും 14-2-2025 G.O.(Rt) No. 1380/2025/Fin പ്രകാരം 19-2-2025-ന് 12,00,000 രൂപയും Additional Authorization ആയി ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

2052-00-090-95-04-2-സ്ഥലമാറ്റ ബത്ത എന്ന കണക്ക് ശീർഷകത്തിൽ 31-5-2024-ലെ G.O(Rt) No. 4372/2024/Fin പ്രകാരം 6-6-2024-ന് 41,600 രൂപയും 25-6-2024-ന് 1,66,400 രൂപയും additional authorisation ആയി ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

2052-00-090-95-21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന കണക്ക് ശീർഷകത്തിൽ 22-2-2025-ലെ G.O.(Rt) No. 1694/2025/Fin 25-2-2025-ന് 14,400 രൂപയും 27-2-2025-ന് 5,600 രൂപയും Additional Authorization ആയി ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

2052-00-090-95-99- വിവര സാങ്കേതിക വിദ്യ എന്ന കണക്ക് ശീർഷകത്തിൽ 28-11-2024-ലെ G.O.(Rt) No. 8803/2024/Fin പ്രകാരം 24-12-2024-ന് 4,09,000 രൂപ Additional Authorization ആയി ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുണ്ട്

45-പി.ഒ.എൽ , 26-ഔദ്യോഗികഭാഷാ പ്രയോഗം , 04-1-യാത്രാചെലവുകൾ-യാത്രാബത്ത എന്ന ശീർഷകങ്ങളിൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നം. PLY-1/370/2024-LAW. തീയതി 11-9-2025)

## ശിപാർശ

**2052-00-090-66—സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ**

2024-25 സാമ്പത്തിക വർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന ഓൺ ദി ജോബ് പരിശീലനങ്ങൾ, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 8)

## സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുകയായ 10 ലക്ഷം രൂപ അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനെ സമീപിച്ചപ്പോൾ 21-11-2024 തീയതിയിലെ സ.ഉ.(സാധാ)

8646/2024/ധന നമ്പർ ഉത്തരവ് പ്രകാരം 3 ലക്ഷം രൂപയും 31-1-2025-ലെ സ.ഉ. (സാധാ) 916/2025/ധന നമ്പർ ഉത്തരവ് പ്രകാരം 2 ലക്ഷം രൂപയും അടക്കം ആകെ 5 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. ബഡ്ജറ്റ് വിഹിതമായി ലഭിച്ച 5 ലക്ഷം രൂപയും സമിതി ശിപാർശ പ്രകാരം അനുവദിച്ച 5 ലക്ഷം രൂപയും അടക്കം മൊത്തം 10 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് 2024-25-ൽ 9 കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങളും 16 മുഴുദിന പരിശീലനങ്ങളും 25 അർദ്ധ ദിന പരിശീലനങ്ങളും ഉൾപ്പെടെ മൊത്തം 108 പരിശീലനങ്ങൾ നടത്തുകയുണ്ടായി.

(സർക്കാർ കത്ത് നം.എ.ആർ.11-1/5/2025/പി&എ.ആർ.ഡി. തീയതി 21-5-2025)

## ശിപാർശ

2052-00-090-64-33—കേരള സെക്രട്ടേറിയറ്റ് ക്യാന്റീനുള്ള സഹായം- സബ്സിഡികൾ

കേരള സെക്രട്ടേറിയറ്റ് ക്യാന്റീനിന്റെ പ്രവർത്തനത്തിനായി സബ്സിഡി ഇനത്തിൽ നടപ്പുവർഷം അനുവദിച്ച തുക, മുൻവർഷത്തെ ചെലവ് കണക്കിലെടുക്കുമ്പോൾ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 9)

## സ്വീകരിച്ച നടപടി

2052-00-090-64-33-കേരള സെക്രട്ടേറിയറ്റ് ക്യാന്റീനുള്ള സഹായം- സബ്സിഡികൾ എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക - വർഷത്തെ ബജറ്റ് വിഹിതം 66,55,000 രൂപയായിരുന്നു. അധിക വിഹിതമായി 25,86,000 രൂപ അനുവദിച്ചു. ആകെ 92,41,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 90,75,750 രൂപയാണ്.

(സർക്കാർ കത്ത് നം.ബി.ഡബ്ല്യൂ2/34/2024-പൊ.ഭ.വ. തീയതി 21-5-2025)

## ശിപാർശ

2052-00-092-93—റസിഡന്റ് കമ്മീഷണറുടെ കാര്യാലയം, ന്യൂഡൽഹി

കേരള ഹൗസിൽ പുതുതായി നിയമിക്കപ്പെട്ട പ്രത്യേക പ്രതിനിധി ഉൾപ്പെടെയുള്ള ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ, പ്രത്യേക പ്രതിനിധിയുടെ യാത്രാചെലവ്, കേരള ഹൗസിന്റെ വൈദ്യുതി ചെലവ്, ടെലഫോൺ ചെലവ് എന്നിവ നൽകുന്നതിലേക്ക് ബന്ധപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാലും പുതുതായി

നിയമിക്കപ്പെട്ട അഡീഷണൽ റസിഡന്റ് കമ്മീഷണറുടെ ഔദ്യോഗിക ആവശ്യത്തിനായി ഇലക്ട്രിക്ക് വാഹനം വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടില്ലാത്തതിനാലും താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 02-4—വേതനം-കൺസോളിഡേറ്റഡ് പേ | 5.81 ലക്ഷം രൂപ |
| 04-1—യാത്രാചെലവുകൾ, യാത്രാബത്ത | 6.31 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 48 ലക്ഷം രൂപ |
| 05-3—ടെലഫോൺ ചെലവ് | 16.54 ലക്ഷം രൂപ |
| 97—വാഹനങ്ങളുടെ വാടക | 7.5 ലക്ഷം രൂപ |

(ഖണ്ഡിക നം. 10)

<u>സ്വീകരിച്ച നടപടി</u>

8-1-2025 തീയതിയിലെ സ.ഉ. (സാധാ)നം.205/2025/ധന. പ്രകാരം 02-4-വേതനം-കൺസോളിഡേറ്റഡ് പേ ഇനത്തിൽ ₹10,31,000 അധികതുക അനുവദിച്ചിട്ടുണ്ട്.

04-1-യാത്രാചെലവുകൾ, യാത്രാബത്ത എന്ന ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 5 ലക്ഷം രൂപയിൽ ചെലവ് കിഴിച്ച് ബാക്കി തുകയായ ₹5,181 തിരിച്ചടച്ചിട്ടുണ്ട്. ആയതിനാൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

05-2- വൈദ്യുതി ചെലവ് എന്ന ഇനത്തിൽ 12-8-2025 തീയതിയിലെ സ.ഉ.(സാധാ)നം.205/2025/ധന. പ്രകാരം വൈദ്യുതി ചെലവിനത്തിൽ ₹30,00,000 രൂപ അധികമായി വകയിരുത്തുകയും ബാക്കി വന്ന ₹12,98,581 രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

05-3- ടെലഫോൺ ചെലവ് എന്ന ഇനത്തിൽ 20-11-2024 തീയതിയിലെ സ.ഉ.(സാധാ)നം.8585/2024/ധന., 27-2-2025 തീയതിയിലെ സ.ഉ.(സാധാ)നം.1852/2025/ധന. ഉത്തരവുകൾ പ്രകാരം ടെലിഫോൺ ചെലവ് ₹25 ലക്ഷം രൂപ അധികമായി വകയിരുത്തുകയും ബാക്കി വന്ന ₹4,16,012 രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

97- വാഹനങ്ങളുടെ വാടക എന്ന ഇനത്തിൽ ₹31,26,246 രൂപ തിരിച്ചടച്ചിട്ടുണ്ട്. ആയതിനാൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നം.പ്രോ.4/13/2024-പൊ.ഭ.വ. തീയതി 29-9-2025)

1139/2025.

ശിപാർശ

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ചെലവുകൾക്കായി താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1—യാത്രാചെലവുകൾ - യാത്രാബത്ത | 5 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 4 ലക്ഷം രൂപ |
| 21-2—മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണിയും | 1 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 1 ലക്ഷം രൂപ |
| 97—വാഹനങ്ങളുടെ വാടക | 2 ലക്ഷം രൂപ |

(ഖണ്ഡിക നം. 11)

സ്വീകരിച്ച നടപടി

സമിതി ശിപാർശയിന്മേൽ അധികമായി തുക അനുവദിക്കാൻ ആവശ്യപ്പെട്ടവയിൽ ചുവടെ സൂചിപ്പിച്ച മൂന്ന് ശീർഷകങ്ങളിൽ തുക അനുവദിച്ചിട്ടുണ്ട്.

| ശീർഷകം | സമിതി ശിപാർശ ചെയ്ത തുക | സർക്കാർ അനുവദിച്ച തുക |
|---|---|---|
| 2052-00-092-88-21-02 (മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണിയും) | 1 ലക്ഷം രൂപ | 25,000 |
| 2052-00-092-88-45- (പി.ഒ.എൽ) | 1 ലക്ഷം രൂപ | 1 ലക്ഷം |
| 2052-00-092-88-97- (വാഹനങ്ങളുടെ വാടക) | 2 ലക്ഷം രൂപ | 1.1 ലക്ഷം രൂപ |

(സർക്കാർ കത്ത് നം. സി.ഡി.എൻ5/124/2024-പൊ.ഭ.വ. തീയതി 31-5-2025)

ശിപാർശ

2052-00-188-99—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

31—സഹായ ധനം - ശമ്പളം

ജീവനക്കാരുടെ ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, ലീവ് സറണ്ടർ കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 33.80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന /ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 12)

സ്വീകരിച്ച നടപടി

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായി ശമ്പളയിനത്തിൽ 34,50,000 രൂപയും ശമ്പളേതര ഇനത്തിൽ 71,50,000 രൂപയും ചേർത്ത് ആകെ 1,06,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് 5 ഗഡുക്കളിലായി ആകെ അനുവദിച്ച തുക 86,80,000 രൂപയാണ്. ഇതിൽ ശമ്പള ശീർഷകത്തിൽ 46,80,000 രൂപയും ശമ്പളേതര ശീർഷകത്തിൽ 40,00,000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(സർക്കാർ കത്ത് നം. PAD-A2/6/2024-PAD തീയതി 23-7-2025)

ശിപാർശ

2052-00-188-99—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

36—സഹായധനം- ശമ്പളേതരം

2024-25 സാമ്പത്തിക വർഷത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 140 നിയോജക മണ്ഡലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന സ്റ്റുഡന്റ്സ് സഭ, YPC/MPC യുമായി ബന്ധപ്പെട്ട് ട്രെയിനിംഗ്, ക്യാമ്പ്, വിവിധ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.80 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 13)

<u>സ്വീകരിച്ച നടപടി</u>

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2025 ഫെബ്രുവരി 12 വരെ ശമ്പളയിനത്തിൽ അധികമായി ചെലവഴിച്ച 14,88,467 രൂപ ശമ്പളേതര ഇനത്തിൽ അനുവദിച്ച തുകയിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളതെന്നും ആയതിനാൽ ശമ്പള ഇനത്തിൽ അധികം ചെലവഴിച്ച 14,88,467 രൂപ റീ-അപ്രോപ്രിയേറ്റ് ചെയ്ത് നൽകണമെന്ന് ഡയറക്ടർ ജനറൽ അപേക്ഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ശമ്പളേതര ശീർഷകത്തിൽ നിന്നും ശമ്പള ശീർഷകത്തിലേക്ക് 14,89,000 രൂപ റീ-അപ്രോപ്രിയേറ്റ് ചെയ്ത് ഉത്തരവായിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി XIV ശിപാർശ ചെയ്ത പ്രകാരം ശമ്പള ശീർഷകത്തിൽ 33.80 ലക്ഷം രൂപയും ശമ്പളേതര ശീർഷകത്തിൽ 2.80 കോടി രൂപയും അധികമായി അനുവദിക്കണമെന്ന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രൊപ്പോസൽ, ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച് തീരാത്തതിനാൽ പരിഗണിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. PAD-A2/6/2024-PAD തീയതി 23-7-2025)

<u>ശിപാർശ</u>

2251—<u>സെക്രട്ടേറിയറ്റ് സാമൂഹിക സർവ്വീസുകൾ</u>

2251-00-090-99—<u>സെക്രട്ടേറിയറ്റ്</u>

ഈ ശീർഷകത്തിൽ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അവധിയാത്രാനുകൂല്യം എന്നീ ചെലവുകൾ നിർവഹിക്കുന്നതിലേയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 01-4 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 17 ലക്ഷം രൂപയും 04-4 യാത്രാചെലവുകൾ - അവധിയാത്രാനുകൂല്യം ഇനത്തിൽ 1 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 14)

<u>സ്വീകരിച്ച നടപടി</u>

2251-00-090-99-01-04—മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 15,00,000 രൂപയായിരുന്നു. അധിക വിഹിതമായി 3,29,000 രൂപ അനുവദിച്ചു. ആകെ 18,29,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 18,06,418 രൂപയാണ്.

2251-00-090-99-04-04—അവധിയാത്രാനുകൂല്യം എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 3,00,000 രൂപയായിരുന്നു. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 2,02,665 രൂപയാണ്. അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം.ബി.ഡബ്ല്യൂ2/34/2024-പൊ.ഭ.വ. തീയതി 21-5-2025)

ശിപാർശ

3451-00-090-99—സെക്രട്ടേറിയറ്റ് സാമ്പത്തിക സർവീസുകൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ ഈ ശീർഷകത്തിൻകീഴിലെ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4 —മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 45 ലക്ഷം രൂപ |
| 04-1 —യാത്രാബത്ത | 20 ലക്ഷം രൂപ |
| 04-2—സ്ഥലം മാറ്റബത്ത | 5 ലക്ഷം രൂപ |
| 04-4—അവധിയാത്രാനുകൂല്യം | 3 ലക്ഷം രൂപ |
| 06 —വാടക, കരം, നികുതി | 5 ലക്ഷം രൂപ |

(ഖണ്ഡിക നം. 15)

സ്വീകരിച്ച നടപടി

3451-00-090-99-01-04—മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 10,20,000 രൂപയായിരുന്നു. അധിക വിഹിതമായി 19,37,000 രൂപ അനുവദിച്ചു. ആകെ 29,57,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 29,54,881 രൂപയാണ്.

3451-00-090-99-04-01—യാത്രാബത്ത എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 66,60,000 രൂപയായിരുന്നു. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 62,53,952 രൂപയാണ്. അധിക തുക ആവശ്യമായി വന്നില്ല.

3451-00-090-99-04-02—സ്ഥലം മാറ്റബത്ത എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 2,20,000 രൂപയായിരുന്നു. അധിക വിഹിതമായി 6,65,000 രൂപ അനുവദിച്ചു. ആകെ 8,85,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 6,22,857 രൂപയാണ്.

3451-00-090-99-04-04—അവധി യാത്രാനുകൂല്യം എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 4,50,000 രൂപയായിരുന്നു. അധിക വിഹിതമായി 6,28,000 രൂപ അനുവദിച്ചു. ആകെ 10,78,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 9,44,821 രൂപയാണ്.

3451-00-090-99--06- വാടക, കരം, നികുതി എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക - വർഷത്തെ ബജറ്റ് വിഹിതം 15,00,000 രൂപയായിരുന്നു. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 12,65,000 രൂപയാണ്. അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം.ബി.ഡബ്ല്യൂ2/34/2024-പൊഭവ. തീയതി 21-5-2025)

<u>ശിപാർശ</u>

3451-00-090-98—<u>നിയമവകുപ്പിന്റെ നവീകരണം</u>

നിയമ വെബ്സൈറ്റിന്റെ അപ്ഗ്രഡേഷൻ പ്രവർത്തനങ്ങൾക്കും സ്ത്രീകൾക്ക് നിയമ അവബോധനം നൽകുന്നതിനുള്ള പരിപാടികൾക്കും, നിയമവകുപ്പിൽ കേരള കോഡ് പോർട്ടൽ രൂപീകരിക്കുന്നതിനും, അത്യാധുനിക സംവിധാനങ്ങളുള്ള ഒരു വീഡിയോ കോൺഫറൻസ് റൂം സജ്ജീകരിക്കുന്നതിനും നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 16)

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷത്തേയ്ക്ക് 63,00,000 രൂപ (അറുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നതും എന്നാൽ മന്ത്രിസഭ

തീരുമാനപ്രകാരം പദ്ധതി വിഹിതം 50% ആയി പുനഃക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സാമ്പത്തിക വർഷം മൊത്തം 31,50,000 (മുപ്പത്തൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചിരുന്നതുമാണ്. ആയതിൽ 30,54,377 രൂപ (മുപ്പതു ലക്ഷത്തി അമ്പത്തി നാലായിരത്തി മുന്നൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുള്ളതും ബാക്കി 95,623 (തൊണ്ണൂറ്റയ്യായിരത്തി അറുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) രൂപ സറണ്ടർ ചെയ്തിട്ടുള്ളതുമാണ്.

നിയമ വെബ്സൈറ്റിന്റെ അപ്ഗ്രഡേഷൻ പ്രവർത്തനങ്ങൾക്കും സ്ത്രീകൾക്ക് നിയമ അവബോധം നല്കുന്നതിനുള്ള പരിപാടികൾക്കും നിയമവകുപ്പിൽ കേരള കോഡ് പോർട്ടൽ രൂപീകരിക്കുന്നതിനും അത്യാധുനിക സംവിധാനങ്ങളുള്ള ഒരു വീഡിയോ കോൺഫറൻസ് റൂം സജ്ജീകരിക്കുന്നതിനും നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി തുക ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നതാണ്. ആയതിന് മറുപടിയായി "3451-00-090-98 നിയമ വകുപ്പിന്റെ നവീകരണം എന്ന പദ്ധതി ശീർഷകത്തിലെ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം ധന (വ്യയം എ) വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നുമാണ്" ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നത്. കൂടാതെ സമിതി ശിപാർശ ചെയ്ത 25 ലക്ഷം രൂപ അനുവദിച്ചിട്ടില്ലാത്തതുമാണ്.

(സർക്കാർ കത്ത് നം.PLY-1/370/2024-LAW. തീയതി 11-9-2025)

ശിപാർശ

3451-00-090-90—വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കി സെക്രട്ടേറിയറ്റ് ലൈബ്രറിയുടെ ആധുനികവൽക്കരണം

സെക്രട്ടേറിയറ്റിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയറിനും, അനുബന്ധ സാമഗ്രികൾക്കും വാർഷിക പരിപാലന കരാർ തുക നൽകുന്നതിനായി ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 17)

സ്വീകരിച്ച നടപടി

3451-00-090-90- വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കി സെക്രട്ടേറിയറ്റ് ലൈബ്രറിയുടെ ആധുനികവൽക്കരണം എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. അധിക വിഹിതമായി

4,42,000 രൂപ അനുവദിച്ചു. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 4,40,920 രൂപയാണ്.

(സർക്കാർ കത്ത് നം.ബി.ഡബ്ല്യൂ2/34/2024-പൊഭവ. തീയതി 21-5-2025)

ശിപാർശ

3451-00-092-99—മോണിറ്ററിംഗ് യൂണിറ്റ്

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടതു വഴി നിയമിതരായ ജില്ലാ വികസന കമ്മീഷണർമാരുടെയും ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 42.744 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 18)

സ്വീകരിച്ച നടപടി

3451-00-092-99—മോണിറ്ററിംഗ് യൂണിറ്റ് (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ

1. Medical Reimbursement ( 3451-00-092-99-01-04-N-V)-Rs 1,61,000

2. Tour TA ( 3451-00-092-99-04-01-N-V)-Rs 1,69,000

3. Transfer TA ( 3451-00-092-99-04-02-N-V)-Rs 53,000

4. Maintenance of Vehicle ( 3451-00-092-99-21-02-N-V)-Rs 50,000 എന്നീ ഇനങ്ങളിലായി ആകെ 4,33,000 രൂപ അധിക തുക അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.PIEM1/154/2024-PIEMD. തീയതി 20-6-2025)

ശിപാർശ

3451-00-092-95—ബ്യൂറോ ഓഫ് പബ്ലിക്ക് എന്റർപ്രൈസസ്

34 -3—മറ്റ് ചെലവുകൾ

ബ്യൂറോ ഓഫ് പബ്ലിക്ക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വാടകയ്ക്കെടുത്ത വാഹനത്തിന്റെ വാടക നൽകുന്നതിനും കൂടാതെ വകുപ്പിന്റെ മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി

വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 19)

<u>സ്വീകരിച്ച നടപടി</u>

3451-00-092-95-34-03- ബ്യൂറോ ഓഫ് പബ്ലിക്ക് എന്റർപ്രൈസസ്സ് മറ്റ് ചെലവുകൾ എന്ന ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 7,52,000 രൂപയായിരുന്നു. അധിക വിഹിതമായി 17,00,000 രൂപ അനുവദിച്ചു. ആകെ 24,52,000 രൂപ. ഈ ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 24,46,717 രൂപയാണ്.

(സർക്കാർ കത്ത് നം.ബി.ഡബ്ല്യൂ2/34/2024-പൊ.ഭ.വ. തീയതി 21-5-2025)

<u>ശിപാർശ</u>

3451-00-092-92—<u>കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ</u>

കേരള സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിലിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വേതനം, ഓഫീസ് വാടക, വൈദ്യുതി ചാർജ്ജ്, മറ്റിനങ്ങൾ എന്നീ ചെലവുകൾക്കായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 02—വേതനം | 6 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 8 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 7 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 54 ലക്ഷം രൂപ |

(ഖണ്ഡിക നം. 20)

<u>സ്വീകരിച്ച നടപടി</u>

കേരള ഡെവലപ്‌മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലിന് ബഡ്ജറ്റ് വിഹിതത്തിന് പുറമെ ചുവടെ പറയുന്ന തുകകൾ 2-5-2025-ലെ സ.ഉ.(സാധാ) നം. 3985/2025/ധന പ്രകാരം അന്തിമ ധനപുനഃവിനിയോഗത്തിലൂടെ ലഭ്യമായിട്ടുണ്ട്

| | സമിതി ശിപാർശ ചെയ്ത തുക | ലഭിച്ച തുക |
|---|---|---|
| 02—വേതനം | 6 ലക്ഷം രൂപ | 2.14 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 8 ലക്ഷം രൂപ | ഇല്ല |
| 05-4—മറ്റിനങ്ങൾ | 7 ലക്ഷം രൂപ | 0.23 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 54 ലക്ഷം രൂപ | 14.94 ലക്ഷം രൂപ |
| ആകെ | 75 ലക്ഷം രൂപ | 17.31 ലക്ഷം രൂപ |

(സർക്കാർ കത്ത് നം.ഡി2/93/2024-പ്ലാനിംഗ് തീയതി 14-7-2025)

<u>ശിപാർശ</u>

3451-00-092-92—<u>കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ (ഇന്നൊവേഷൻ ചലഞ്ച് ഫണ്ട്)</u>

34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u>

2024-25 സാമ്പത്തിക വർഷത്തിൽ കെ.ഡിസ്ക് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 21)

<u>സ്വീകരിച്ച നടപടി</u>

കേരള ഡെവലപ്‌മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലിന് 3451-00-092-92-34-03-മറ്റ് ചെലവുകൾ -മറ്റിനം എന്ന പദ്ധതിയിനത്തിലെ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 12.19 കോടി രൂപയ്ക്ക് പുറമെ അന്തിമ ഉപധനാഭ്യർത്ഥനയിലൂടെ 3 കോടി രൂപയും 2-5-2025-ലെ സ.ഉ.(സാധാ) നം. 3985/2025/ധന പ്രകാരം അന്തിമ ധനപുനഃവിനിയോഗത്തിലൂടെ 13.9532 കോടി രൂപയും ഉൾപ്പെടെ ആകെ 16.9532 കോടി രൂപ അധികമായി ലഭിച്ചു.

(സർക്കാർ കത്ത് നം.ഡി2/93/2024-പ്ലാനിംഗ് തീയതി 14-7-2025)

<u>ശിപാർശ</u>

3451-00-092-87 —<u>നോളജ് ഇക്കോണമി ഫണ്ട്</u>

കേരള സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് നോളജ് ഇക്കോണമി മിഷൻ(കെ.കെ.ഇ.എം.) പ്രവർത്തിക്കുന്നത്. തൊഴിലുടമകൾ, തൊഴിലന്വേഷകർ, നൈപുണ്യ ദാതാക്കൾ, എന്നിവരെ ഒരുമിച്ച് കൊണ്ടുവരുന്നതിന് സഹായകരമാകുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമും അതിനാവശ്യമായ സംവിധാനങ്ങൾ, തൊഴിൽ ദാതാക്കളെ രംഗത്തുകൊണ്ടുവരാൻ തൊഴിൽ മേളകൾ, റോഡ് ഷോകൾ സംഘടിപ്പിക്കൽ, തിരഞ്ഞെടുക്കുക-പരിശീലിപ്പിക്കുക-നിയമിക്കുക എന്ന സ്കീം എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ ഈ ശീർഷകത്തിൽ 60 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 22)

<u>സ്വീകരിച്ച നടപടി</u>

കേരള ഡെവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലിന് 3451-00-092-87 നോളജ് ഇക്കോണമി ഫണ്ട് എന്ന പദ്ധതി ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 10.81 കോടി രൂപയ്ക്ക് പുറമേ അന്തിമ ഉപധനാഭ്യർത്ഥനയിൽ 3 കോടി രൂപയും 2-5-2025-ലെ സ.ഉ.(സാധാ) നം. 3985/2025/ധന പ്രകാരം അന്തിമ ധനപുനഃവിനിയോഗത്തിലൂടെ 13.9998 കോടി രൂപയും ഉൾപ്പെടെ ആകെ 16.9998 കോടി രൂപ അധികമായി ലഭിച്ചു.

(സർക്കാർ കത്ത് നം.ഡി2/93/2024-പ്ലാനിംഗ് തീയതി 14-7-2025)

<u>ശിപാർശ</u>

3451-00-092-83—<u>പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാലുവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണം</u>

പദ്ധതിനിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലെ പ്രോജക്ട് കോ-ഓർഡിനേറ്റേഴ്സ്/ജൂനിയർ റിസോഴ്സ് പേഴ്സണൽസ്/എക്സിക്യൂട്ടീവ് അസിസ്റ്റന്റ്സ് എന്നിവരുടെ ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.488 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 23)

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഖണ്ഡിക 23 പ്രകാരം ശിപാർശ ചെയ്തിരിക്കുന്ന 3451-00-092-83 പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാലുവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവത്കരണം-ശീർഷകത്തിൽ തുക അപര്യാപ്തമായതിനെത്തുടർന്ന് 3451-00-092-83 (Modernisation of PIE&MD) ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ Rs. 2,23,77,000 രൂപ അധിക തുക അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.PIEM1/154/2024-PIEMD. തീയതി 20-6-2025)

<u>ശിപാർശ</u>

3451-00-101-98—<u>ജില്ലാ ആസൂത്രണ സമിതികൾ/ ജില്ലാ വികസന കൗൺസിലുകൾ</u>

ജില്ലാ വികസന കമ്മീഷണർമാരുടെ ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടർ, പ്രിന്റർ മുതലായവുമായി ബന്ധപ്പെട്ട ചെലവുകൾ, എം.എൽ.എ./എം.പി.മാരുടെ യാത്രാബത്ത ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി 7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 24)

<u>സ്വീകരിച്ച നടപടി</u>

ഖണ്ഡിക 24 പ്രകാരം ശിപാർശ ചെയ്തിരിക്കുന്ന 3451-00-101-98 ജില്ലാ ആസൂത്രണ സമിതികൾ / ജില്ലാവികസന കൗൺസിലുകൾ ശീർഷകത്തിൽ ഏതാണ്ട് 75 ശതമാനത്തിലധികം തുക ചിലവഴിക്കാൻ നീക്കിയിരുപ്പുള്ളതിനാൽ നിലവിൽ 3451-00-101-98-District Development Council / District Planning Committee ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ അധിക തുക ഒന്നും ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം.PIEM1/154/2024-PIEMD. തീയതി 20-6-2025)

<u>ശിപാർശ</u>

2014-00-110-99—<u>അഡ്മിനിസ്ട്രേറ്റർസ് ജനറലും ഒഫിഷ്യൽ ട്രസ്റ്റികളും</u>

കാര്യാലയത്തിന്റെ ഫൈബർനെറ്റ് ബില്ല്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10000 രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 31)

<u>സ്വീകരിച്ച നടപടി</u>

അഡ്മിനിസ്ട്രേറ്റർ ജനറൽ & ഒഫീഷ്യൽ ട്രസ്റ്റി കാര്യാലയത്തിലെ 2014-00-110-99-05-4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ ഓഫീസ് ചെലവുകൾക്കായി 3,000 രൂപ 1-3-2025 തീയതിയിലെ G.O.(Rt) 1966/2025/Fin നമ്പർ ഉത്തരവ് പ്രകാരം അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. (ആകെ 18,000(Budget Allotment 15,000+Addl Allotment 3,000).

(സർക്കാർ കത്ത് നം.PLY-1/370/2024-LAW. തീയതി 11-9-2025)

<u>ശിപാർശ</u>

2014-00-114-99—<u>നിയമോപദേഷ്ടാക്കൾ - ലാ ഓഫീസർമാർ</u>

അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ ഒരു വിഭാഗം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ വാടകയിനത്തിലും വസ്തു നികുതിയിനത്തിലും തുക കൂടുതലായി ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 17 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 32)

<u>സ്വീകരിച്ച നടപടി</u>

അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ 2014-00-114-99-06- വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 2-12-2024 തീയതിയിലെ G.O (Rt) 8924/2024/Fin. നമ്പർ ഉത്തരവ് പ്രകാരം 6,50,000 രൂപ (ആറ് ലക്ഷത്തി അൻപതിനായിരം) അധിക വിഹിതമായും 28-2-2025 തീയതിയിലെ G.O(Rt)1880/2025/Fin. നമ്പർ ഉത്തരവ് പ്രകാരം 10,45,000 രൂപ (പത്ത് ലക്ഷത്തി നാൽപത്തി അയ്യായിരം) ടി കാര്യാലയത്തിലെ '2014-00-114-99-34-3-other items' എന്ന ശീർഷകത്തിൽ നിന്നും പുനർവിനിയോഗം വഴിയും അനുവദിച്ചിട്ടുള്ളതാണ്. (ആകെ 46,95,000 (Budget Allotment 30,00,000+ Addl. Allotment 6,50,000+Re-appropriation 10,45,000)

(സർക്കാർ കത്ത് നം.PLY-1/370/2024-LAW. തീയതി 11-9-2025)

<u>ശിപാർശ</u>

2014-00-114-98—<u>ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും</u>

ജില്ലാ ഗവൺമെന്റ് പ്ലീഡർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ, ഗവ.അഡ്വക്കേറ്റ്സ്, ആഭ്യന്തരവകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും 14 ജില്ലകളിലെ POCSO കോടതികളിലെ സ്പെഷ്യൽ ഗവ. പ്ലീഡർമാരുടെയും പ്രതിഫലം, ജില്ലാ ഗവ. പ്ലീഡറുടെ ഓഫീസിൽ നിയമിതരായിട്ടുള്ള ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളത്തിലുണ്ടാകുന്ന വാർഷിക ആനുപാതിക വർദ്ധനവും ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനച്ചെലവ്, 14 വാഹനങ്ങളുടെ ഇൻഷ്വറൻസ്, അറ്റകുറ്റപണികൾ തുടങ്ങിയ ചെലവുകൾക്കും ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 33)

<u>സ്വീകരിച്ച നടപടി</u>

ബഹു. വിഷയ നിർണ്ണയ സമിതിയുടെ മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ "2014-00-114-98 ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും" എന്ന ശീർഷകത്തിൻ കീഴിൽ വരുന്ന ബന്ധപ്പെട്ട ശീർഷകത്തിൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിന് അധിക തുക അനുവദിച്ച് ഉത്തരവാകണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചതിൻ പ്രകാരം ബജറ്റ് വിഹിതത്തിനുപുറമേ 11-2-2025-ലെ G.O.(Rt)No.1280/2025/FIN ഉത്തരവു പ്രകാരം ധനകാര്യ വകുപ്പ് 1,60,00,000 (ഒരു കോടി അറുപതു ലക്ഷം രൂപ) കൂടി മാത്രമേ അധിക തുകയായി അനുവദിച്ചിട്ടുള്ളൂ.

2024-25 സാമ്പത്തിക വർഷത്തെ ആകെ വരവ്-ചെലവ് കണക്കിന്റെ അടിസ്ഥാനത്തിൽ additional authorisation ഉൾപ്പെടെ, 16,29,71,769 രൂപ ഈ വകുപ്പ് ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നം.PLY-1/370/2024-LAW. തീയതി 11-9-2025)

<u>ശിപാർശ</u>

2014-00-114-93—<u>കേരള സംസ്ഥാന നിയമസഹായ സമിതി (കെൽസ)</u>

കെൽസയുടെ പ്രവർത്തനത്തിനായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 20.8 ലക്ഷം രൂപ |
| 04-1—യാത്രാബത്ത | 5.5 ലക്ഷം രൂപ |
| 04-2—സ്ഥലംമാറ്റ ബത്ത | 8.64 ലക്ഷം രൂപ |
| 04-4—അവധിയാത്രാനുകൂല്യം | 20000 രൂപ |
| 05-1—വെള്ളക്കരം | 58000 രൂപ |
| 05-2—വൈദ്യുതി ചെലവ് | 5.62 ലക്ഷം രൂപ |
| 05-3—ടെലഫോൺ ചെലവ് | 7.07 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 13.39 ലക്ഷം രൂപ |
| 06—വാടക, കരം. നികുതി | 45 ലക്ഷം രൂപ |
| 21-2—വാഹനങ്ങൾ-സംരക്ഷണവും, അറ്റകുറ്റപ്പണികളും | 1.95 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 1.73 ലക്ഷം രൂപ |
| 99—വിവരസാങ്കേതിക വിദ്യ | 2 ലക്ഷം രൂപ |
| 97—വാഹനങ്ങളുടെ വാടക | 98 ലക്ഷം രൂപ |

(ഖണ്ഡിക നം. 36)

<u>സ്വീകരിച്ച നടപടി</u>

2014-00-114-93 എന്ന ബജറ്റ് ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത ആകെ തുക 2,10,48,000 രൂപയും ആകെ ലഭിച്ചത് 1,14,63,000 രൂപയും യഥാർത്ഥ ചെലവ് 1,04,33,087 രൂപയും ആണ്.

2014-00-114-92 എന്ന ബജറ്റ് ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത ആകെ തുക 6,04,000 രൂപയും ആകെ ലഭിച്ചത് 8,05,000 രൂപയും യഥാർത്ഥ ചെലവ് 6,35,305 രൂപയും ആണ്.

2014-00-108-99 എന്ന ബജറ്റ് ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത ആകെ തുക 50,00,000 രൂപയും ആകെ ലഭിച്ചത് 3,50,00,000 രൂപയും യഥാർത്ഥ ചെലവ് 3,48,50,00-രൂപയും ആണ്.

(സർക്കാർ കത്ത് നം.PLY-1/370/2024-LAW. തീയതി 11-9-2025)

<u>ശിപാർശ</u>

2014-00-114-92—<u>സ്ഥിര ലോക് അദാലത്ത്</u>

പെർമെനന്റ് ലോക് അദാലത്തിന്റെ ചെലവുകൾക്കായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 80,000 രൂപ |
| 04-1- യാത്രാബത്ത | 40,000 രൂപ |
| 04-2- സ്ഥലംമാറ്റ ബത്ത | 14,000 രൂപ |
| 05-2- വൈദ്യുതി ചെലവ് | 8000 രൂപ |
| 05-3- ടെലഫോൺ ചെലവ് | 47,000 രൂപ |
| 05-4- മറ്റിനങ്ങൾ | 1.55 ലക്ഷം രൂപ |
| 06- വാടക, കരം. നികുതി | 2.60 ലക്ഷം രൂപ |

(ഖണ്ഡിക നം. 37)

<u>സ്വീകരിച്ച നടപടി</u>

2014-00-114-92 എന്ന ബജറ്റ് ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത ആകെ തുക 6,04,000 രൂപയും ആകെ ലഭിച്ചത് 8,05,000 രൂപയും യഥാർത്ഥ ചെലവ് 6,35,305 രൂപയും ആണ്.

(സർക്കാർ കത്ത് നം.PLY-1/370/2024-LAW. തീയതി 11-9-2025)

<u>ശിപാർശ</u>

014-00-116-99 —<u>കേരള ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി</u>

04-1—<u>യാത്രാചെലവുകൾ – യാത്രാബത്ത</u>

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ചെയർമാൻ ഉൾപ്പെടെ ജൂഡീഷ്യൽ അംഗങ്ങൾക്കും, അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾക്കും യാത്രാബത്ത അനുവദിക്കുന്നതിനായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 4 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 39)

<u>സ്വീകരിച്ച നടപടി</u>

യാത്രാബത്ത ഇനത്തൽ ബജറ്റ് വിഹിതമായി 3,47,000 രൂപ അനുവദിച്ചിരുന്നു. കൂടാതെ അധിക തുക അനുമതിയായി ലഭിച്ച 2,27,000 രൂപയും പുനർവിനിയോഗം വഴി ലഭിച്ച 2,34,000 രൂപയും ടി സാമ്പത്തിക വർഷത്തിൽ ചെലവാക്കിയിട്ടുണ്ട്. ടി തുക പര്യാപ്തമായതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. എ.ആർ.12-2/06/2024/പി &എആർ.ഡി., തീയതി 27-3-2025)

<u>ശിപാർശ</u>

2014-00-800-94—<u>നിയമസഹായനിധി അംശദാനം</u>

നിയമസഹായനിധിയ്ക്ക് 2010-11 മുതൽ 2021-22 സാമ്പത്തിക വർഷം വരെ കുടിശ്ശികയായി ലഭിയ്ക്കുവാനുള്ള തുകയും നിയമസഹായ നിധിയുടെ STSB അക്കൗണ്ടിൽ നിന്ന് പിൻവലിച്ച തുകയിൽ നിന്നും ഇനിയും ലഭിക്കാനുള്ള തുകയും ഉൾപ്പെടെ 75.3746 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 41)

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതവും 2010-11 മുതൽ 2021-22 വരെയുള്ള കുടിശ്ശികയും ലഭ്യമാകാത്ത സാഹചര്യത്തിൽ ബഹു. നിയമ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അർദ്ധ ഔദ്യോഗിക കത്ത് 21-3-2024-നം 6-4-2024-നം നല്കിയിട്ടുള്ളതാണ്. ധനകാര്യ വകുപ്പിനോട് തുക ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ കുടിശ്ശിക ഇനത്തിൽ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

(സർക്കാർ കത്ത് നം.PLY-1/370/2024-LAW. തീയതി 11-9-2025)

<u>ശിപാർശ</u>

2014-00-800-91—<u>മനുഷ്യാവകാശ സംരക്ഷണ ആക്റ്റ് 1993 പ്രകാരമുള്ള കേരള മനുഷ്യാവകാശ സംരക്ഷണകമ്മീഷൻ, 1998 സഹായധനം</u>

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക, കമ്മീഷനിൽ ഡെപ്യൂട്ടേഷനിൽ നിയമിതരായ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവയ്ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ശമ്പളയിനത്തിൽ 4.22885 കോടി രൂപയും ശമ്പളേതരയിനത്തിൽ 66.605 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4.8949 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 43)

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ജിവനക്കാരുടെ ശമ്പള ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 കോടി രൂപ 2014-00-800-91-36 ശമ്പളേതര ശീർഷകത്തിൽ നിന്നും 2014-00-800-91-31 എന്ന ശമ്പള ശീർഷകത്തിലേക്ക് വകമാറ്റി നൽകിയിരുന്നു. ആയതിന് ശേഷവും സാലറി ശീർഷകത്തിൽ ഫണ്ട് തികയാത്ത സാഹചര്യത്തിൽ 65,00,000 രൂപ അധികധനാനുമതിയായി നൽകിയിട്ടുള്ളതാണ്.

(സർക്കാർ കത്ത് നം.PLY-1/370/2024-LAW. തീയതി 11-9-2025)

<u>ശിപാർശ</u>

**കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അധിക കെട്ടിടത്തിന്റെ നിർമ്മാണം - വൻകിട മരാമത്ത് പണികൾ (പദ്ധതി)**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിലവിലെ കെട്ടിടത്തിന് സമീപം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ട്രൈബ്യൂണലിന്റെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി പൊതുമരാമത്ത് എന്ന XV-ാം നമ്പർ ഡിമാന്റിലെ 4059-01-051-55 എന്ന പ്രധാന ശീർഷകത്തിൽ 4.3150 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 46)

<u>സ്വീകരിച്ച നടപടി</u>

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിലവിലെ കെട്ടിടത്തിന് സമീപം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ പരിഷ്കരിച്ച് പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വകയിരുത്തിയ അധിക തുക ലഭ്യമാക്കിയിട്ടില്ല.

(സർക്കാർ കത്ത് നം. എ.ആർ.12-2/06/2024/പി.&എആർ.ഡി., തീയതി 27-3-2025)

<u>ശിപാർശ</u>

2015-00-101-99—<u>സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ</u>

ഈ ശീർഷകത്തിൻ കീഴിൽ അവധിയാത്രാനുകൂല്യം, വെള്ളക്കരം, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും വാഹനങ്ങളുടെ ഇന്ധനച്ചെലവ് എന്നീ ഇനങ്ങളിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-4—അവധിയാത്രാനുകൂല്യം | 2 ലക്ഷം രൂപ |
| 05-1—വെള്ളക്കരം | 1.5 ലക്ഷം രൂപ |
| 05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ | 10 ലക്ഷം രൂപ |

| | |
|---|---|
| 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണിയും | 3 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 7 ലക്ഷം രൂപ |

(ഖണ്ഡിക നം. 47)

<u>സ്വീകരിച്ച നടപടി</u>

04-4-അവധിയാത്രാനുകൂല്യം—19-10-2024-ലെ സ.ഉ.(സാധാ)നമ്പർ7765/2024/ധന ഉത്തരവ് പ്രകാരം 88,000 രൂപ അധികമായി വകയിരുത്തി.

05-1—വെള്ളക്കരം - നിലവിൽ അധിക തുക വകയിരുത്തിയിട്ടില്ല.

05-4-ഓഫീസ് ചെലവുകൾ – മറ്റിനങ്ങൾ – 1-10-2024-ലെ സ.ഉ.(സാധാ) നമ്പർ 7272/2024/ധന. ഉത്തരവ് പ്രകാരം 7 ലക്ഷം രൂപയും 13-11-2024-ലെ സ.ഉ.(സാധാ) നമ്പർ 8399/2024/ധന. ഉത്തരവ് പ്രകാരം 14 ലക്ഷം രൂപയും 14-3-2025-ലെ സ.ഉ.(സാധാ.) നമ്പർ 2402/2025/ധന. ഉത്തരവ് പ്രകാരം 5.3 ലക്ഷം രൂപയും അധികമായി വകയിരുത്തിയിട്ടുണ്ട്.

21-2—മോട്ടോർ വാഹനങ്ങൾ – സംരക്ഷണവും അറ്റകുറ്റപ്പണിയും : 1-10-2024-ലെ സ.ഉ. (സാധാ) നമ്പർ 7268/2024/ധന ഉത്തരവ് പ്രകാരം 2 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയും 14-3-2025-ലെ സ.ഉ.(സാധാ) നമ്പർ 2402/2025/ധന. നമ്പർ ഉത്തരവ് പ്രകാരം 4000 രൂപയും 25-3-2025-ലെ സ.ഉ.(സാധാ) നമ്പർ 30/11/2025/ധന ഉത്തരവ് പ്രകാരം 1.13 ലക്ഷം രൂപയും അധികമായി വകയിരുത്തിയിട്ടുണ്ട്.

45-പി.ഒ.എൽ.- 1-10-2024-ലെ സ.ഉ.(സാധാ) നമ്പർ 7268/2024/ധന ഉത്തരവ് പ്രകാരം 2.5 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഇ.എം.2/12/2025, തീയതി 12-6-2025)

<u>ശിപാർശ</u>

2015-00-102-99—<u>ഇലക്ടറൽ ഓഫീസർമാർ</u>

സംസ്ഥാന സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ താലൂക്ക് ഓഫീസുകൾ എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പ് വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ ഇന്ധനചെലവ്, അറ്റകുറ്റപണി, ടെലഫോൺ ചാർജ്ജ്, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവ്

എന്നിവ നിർവ്വഹിക്കുവാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.9817 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 48)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക ധനാനുമതിയായി 10,45,000 രൂപ ലഭിച്ചു.

| അധിക ധനാനുമതി അനുവദിച്ച സർക്കാർ ഉത്തരവുകൾ | ലഭിച്ച തുക |
|---|---|
| സ.ഉ(സാധാ) നമ്പർ 6789/2024/ധന, തീയതി 5-9-2024 | 4,08,000 |
| സ.ഉ(സാധാ) നമ്പർ 7103/2024/ധന, തീയതി 24-9-2024 | 1,38,000 |
| സ.ഉ(സാധാ) നമ്പർ 7884/2024/ധന, തീയതി 24-10-2024 | 43,000 |
| സ.ഉ(സാധാ) നമ്പർ 651/2025/ധന, തീയതി 23-1-2025 | 4,16,000 |
| സ.ഉ(സാധാ) നമ്പർ 2293/2025/ധന, തീയതി 11-3-2025 | 40,000 |
| ആകെ | 10,45,000 |

(സർക്കാർ കത്ത് നമ്പർ ഇ.എ 1/52/2024, തീയതി 4-8-2025)

ശിപാർശ

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും -നിയമസഭയും പാർലമെന്റും

സമ്മതിദായകരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുന്നതിനും അവയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും, ജില്ലാ ഇലക്ഷൻ വിഭാഗങ്ങൾക്കുള്ള ഫണ്ട്, ബൂത്ത് ലെവൽ ഓഫീസർമാരുടെ പ്രതിഫലം, സി-ഡിറ്റിന് നൽകേണ്ട പ്രതിഫലം എന്നീ ചെലവുകൾക്കായും നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 49.6750 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 49)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക ധനാനുമതിയായി 22,85,50,000 രൂപ ലഭിച്ചു.

| അധിക ധനാനുമതി അനുവദിച്ച സർക്കാർ ഉത്തരവുകൾ | ലഭിച്ച തുക |
|---|---|
| സ.ഉ (സാധാ) നമ്പർ 6789/2024/ധന, തീയതി 5-9-2024 | 20,00,00,000 |
| സ.ഉ (സാധാ) നമ്പർ 7884/2024/ധന, തീയതി 24-10-2024 | 4,00,000 |
| സ.ഉ (സാധാ) നമ്പർ 651/2025/ധന, തീയതി 23-1-2025 | 2,81,50,000 |
| ആകെ | 22,85,50,000 |

(സർക്കാർ കത്ത് നമ്പർ ഇ.എ 1//52/2024, തീയതി 4-8-2025)

<u>ശിപാർശ</u>

2015-00-105-99—<u>പാർലമെന്റിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്താനുള്ള ചെലവ് -ലോക്സഭ</u>

2024 ൽ നടത്തേണ്ട ലോക്സഭാ ഇലക്ഷനുമായി ബന്ധപ്പെട്ട ചെലവുകൾക്ക് നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 53.8489 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 50)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക ധനാനുമതിയായി 293,15,69,000/- രൂപ ലഭിച്ചു.

| അധിക ധനാനുമതി അനുവദിച്ച സർക്കാർ ഉത്തരവുകൾ | ലഭിച്ച തുക |
|---|---|
| സ.ഉ(സാധാ) നമ്പർ 3458/2024/ധന. തീയതി 18-4-2024 | 40,50,00,000 |
| സ.ഉ(സാധാ) നമ്പർ 3507/2024/ധന. തീയതി 19-4-2024 | 141,58,00,000 |
| സ.ഉ(സാധാ) നമ്പർ 5367/2024/ധന. തീയതി 8-7-2024 | 50,00,00,000 |
| സ.ഉ(സാധാ) നമ്പർ 6539/2024/ധന. തീയതി 29-8-2024 | 59,53,03,000 |

| | |
|---|---|
| സ.ഉ(സാധാ) നമ്പർ 8591/2024/ധന. തീയതി 20-11-2024 | 1,54,62,000 |
| സ.ഉ(സാധാ) നമ്പർ 440/2025/ധന. തീയതി 17-1-2025 | 4000 |
| ആകെ | 293,15,69,000 |

(സർക്കാർ കത്ത് നമ്പർ ഇ.എ 1/52/2024, തീയതി 4-8-2025)

ശിപാർശ

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

2023 മേയ്, ഓഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ കൊടുത്തു തീർക്കുന്നതിനും, വോട്ടർ പട്ടികപരിഷ്കരണം, തെരഞ്ഞെടുപ്പ് പ്രക്രിയയുടെ കമ്പ്യൂട്ടർവൽക്കരണം, തെരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണം 2024-25-ൽ നടത്തുന്ന ഉപതിരഞ്ഞെടുപ്പുകൾക്കായുള്ള ചെലവുകൾ എന്നിവയ്ക്കായി നിലവിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 51)

സ്വീകരിച്ച നടപടി

1-10-2024 ലെ സ.ഉ.(സാധാ) നമ്പർ 7272/2024/ധന. ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയും 11-12-2024 ലെ സ.ഉ.(സാധാ) നമ്പർ 9208/2024/ധന. ഉത്തരവ് പ്രകാരം 20 കോടി രൂപയും അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.എം.2/12/2025, തീയതി 12-6-2025)

ശിപാർശ

2055—പോലീസ്

2055-00-001 -99—ഭരണവും നടത്തിപ്പും - മേൽനോട്ടം

പോലീസ് വകുപ്പിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 05-3—ടെലിഫോൺ ചെലവ് | 2.9898 കോടി രൂപ |
| 05-4—മറ്റിനങ്ങൾ | 82.15 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 20 ലക്ഷം രൂപ |
| 15—രഹസ്യസേവന ചെലവുകൾ | 3.4 കോടി രൂപ |
| 17—ചെറുകിട മരാമത്ത് പണികൾ | 1.4999 കോടി രൂപ |
| 18—സംരക്ഷണം | 2.02 കോടി രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ-<br>സംരക്ഷണവും അറ്റകുറ്റപ്പണികളും | 20.34 ലക്ഷം രൂപ |
| 34-3—മറ്റുചെലവുകൾ-മറ്റിനം | 74.07 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 8.5054 കോടി രൂപ |

(ഖണ്ഡിക നം. 53)

<u>സ്വീകരിച്ച നടപടി</u>

05-3 ടെലിഫോൺ ചെലവ് എന്ന ശീർഷകത്തിൽ 1,73,21,000 രൂപ അധിക തുകയായി ലഭിക്കുവാൻ 23-1-2025-ലെ ബി1/63239/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 22-3-2025 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 2810/2025/ധന. പ്രകാരം 75,00,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

05-4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 26,66,000 രൂപ അധിക തുകയായി ലഭിക്കുവാൻ 23-1-2025-ലെ ബി1/63247/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 4-3-2025 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 2070/2025/ധന. പ്രകാരം 10,00,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

06-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 20,70,000 രൂപ അധിക തുകയായി ലഭിക്കുവാൻ 11-11-2024 ലെ ബി1/63257/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 7-12-2024 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 9087/2024/ധന പ്രകാരം 20,70,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 9,00,000 രൂപ അധിക തുകയായി ലഭിക്കുവാൻ 7-3-2025-ലെ കത്ത് പ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 25-3-2025

തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 7,05,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ ആകെ 27,75,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

15-രഹസ്യ സേവന ചെലവുകൾ എന്ന ശീർഷകത്തിൽ 2-11-2024 തീയതിയിലെ അർദ്ധ ഔദ്യോഗിക കത്ത് നം. 252/Camp/SPC/2023 പ്രകാരം ആവശ്യപ്പെട്ട 25,00,000 രൂപ 14-11-2024 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 8427/2024/ധന പ്രകാരം അനുവദിച്ചിട്ടുണ്ട്.

18-സംരക്ഷണം എന്ന ശീർഷകത്തിൽ 4-12-2024 തീയതിയിലെ ബി1/63280/ 2024/പി.എച്ച്.ക്യൂ. പ്രകാരം 35,77,000 രൂപ ആവശ്യപ്പെട്ടപ്പോൾ 24,76,000 രൂപ 24-2-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1729/2025/ധന. പ്രകാരം അധിക തുകയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 29-1-2025 തീയതിയിലെ റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ നമ്പർ ബി1/63280/2024/പി.എച്ച്.ക്യൂ പ്രകാരം ആവശ്യപ്പെട്ട 20,00,000 രൂപ 17-2-2025 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 1486/2025/ധന. പ്രകാരം അനുവദിച്ചിട്ടുണ്ട്.

34-3 മറ്റു ചെലവുകൾ-മറ്റിനം എന്ന ശീർഷകത്തിൽ 7-3-2025 തീയതിയിലെ ബി1/63347/2025/പി.എച്ച്.ക്യൂ. പ്രകാരം 9,09,000 രൂപ ആവശ്യപ്പെട്ടു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

17-ചെറുകിട മരാമത്ത് പണികൾ, 21-2 മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും, 15-പി.ഒ.എൽ. എന്നീ ശീർഷകങ്ങളിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

ശിപാർശ

2055-00-003-98—കേരള പോലീസ് അക്കാഡമി

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് അക്കാഡമിയിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം, എ.ഐ.എസ്. അലവൻസ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.45 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 54)

<u>സ്വീകരിച്ച നടപടി</u>

ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടില്ല.

(സർക്കാർ കത്ത് ഇ.എ 2/332/2024, തീയതി 23-7-2025)

<u>ശിപാർശ</u>

2055-00-003-98—<u>കേരള പോലീസ് അക്കാഡമി</u>

34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u>

പോലീസ് അക്കാഡമിയിൽ നടക്കുന്ന പോലീസ് വകുപ്പിലെയും മറ്റ് വകുപ്പുകളിലെയും ട്രെയിനിംഗ് ആവശ്യങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 39.72 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 55)

<u>സ്വീകരിച്ച നടപടി</u>

ബി2/63121/2024/പി.എച്ച്.ക്യൂ. തീയതി 10-3-2025 കത്ത് പ്രകാരം 1,50,000- രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

<u>ശിപാർശ</u>

2055-00-101-99—<u>കുറ്റാന്വേഷണ വിഭാഗം</u>

18—<u>സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 56)

<u>സ്വീകരിച്ച നടപടി</u>

ബി2/63139/2024/പി.എച്ച്.ക്യൂ. തീയതി 24-3-2025 കത്ത് പ്രകാരം 50,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. ഇ.എ 2/332/2024, തീയതി 23-7-2025)

<u>ശിപാർശ</u>

2055-00-101-98—<u>സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.</u>

18—<u>സംരക്ഷണം</u>

എസ്.ബി.സി..ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 57)

<u>സ്വീകരിച്ച നടപടി</u>

2-9-2024 തീയതിയിലെ ബി2-63156/2024/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 93,604 രൂപ ആവശ്യപ്പെട്ടു. 31-12-2024 തീയതിയിലെ സ.ഉ. (സാധാ) നം.9669/2024/ധന. പ്രകാരം 94,000 രുപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

<u>ശിപാർശ</u>

2055-00-104-99—<u>സായുധ പോലീസ്</u>

സായുധ സേനാംഗങ്ങളുടെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനും, സായുധ പോലീസ് സേനയുടെ കീഴിലുള്ള 10 ബറ്റാലിയൻ യൂണിറ്റുകളുടെ വെള്ളക്കരം അടയ്ക്കുന്നതിനും, എസ്.എ.പി., എം.എസ്.പി., വനിതാ ബറ്റാലിയൻ തുടങ്ങിയവയുടെ വെള്ളക്കരത്തിന്റെ കുടിശ്ശിക തീർക്കുന്നതിനും, വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം ഉൾപ്പെടെയുള്ള ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിനും, ബറ്റാലിയൻ ഓഫീസ് കെട്ടിടങ്ങളുടെ വാടക, കരം, നികുതി അടയ്ക്കുന്നതിനും, കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ പരിശീലനത്തിന്റെ ഭാഗമായി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, മെഡലുകൾ, റിവാർഡുകൾ, സേനയിലെ

കായികതാരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് എന്നിവ സംബന്ധിച്ച ചെലവുകൾ നിർവ്വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിരിക്കുന്ന തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1—യാത്രാചെലവുകൾ - യാത്രാബത്ത | 7.6480 കോടി രൂപ |
| 05-1—വെള്ളക്കരം | 1.4330 കോടി രൂപ |
| 05-3—ടെലിഫോൺ ചെലവ് | 13.52 ലക്ഷം രൂപ |
| 05-4—ഓഫീസ് ചെലവുകൾ - മറ്റിനം | 3.8322 കോടി രൂപ |
| 06—വാടക, കരം, നികുതി | 71.51 ലക്ഷം രൂപ |
| 18—സംരക്ഷണം | 69.1434 കോടി രൂപ |
| 34-3—മറ്റുചെലവുകൾ-മറ്റിനം | 1.1717 കോടി രൂപ |

(ഖണ്ഡിക നം. 58)

<u>സ്വീകരിച്ച നടപടി</u>

04-1-യാത്രാ ചെലവുകൾ-യാത്രാബത്ത എന്ന ശീർഷകത്തിൽ 10-12-2024-ലെ സ.ഉ.(സാധാ)നം.9162/2024/ധന. പ്രകാരം 3,00,00,000 രൂപ ശബരിമല ഉത്സവത്തോടനുബന്ധിച്ചുള്ള ടി.എ. നൽകുന്നതിനായി അധിക തുക അനുവദിച്ചിട്ടുണ്ട്.

10-3-2025 തീയതിയിലെ ബി2/63134/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 2,50,00,000 രൂപയുടെ റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസലും, 22-3-2025 തീയതിയിലെ ബി2/63134/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 1,50,00,000 രൂപയുടെ അധിക തുകയ്ക്കുള്ള പ്രൊപ്പോസലും സമർപ്പിച്ചിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

05-1 വെള്ളക്കരം എന്ന ശീർഷകത്തിൽ 29-10-2024 തീയതിയിലെ ബി2/63167/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 1,11,21,550 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നതിൽ 58,00,000 രൂപ 16-1-2025 തീയതിയിലെ സ.ഉ. (സാധാ) നം.419/2025/ധന. പ്രകാരം അനുവദിച്ചിട്ടുണ്ട്. 22-3-2025-ലെ ബി2/63167/2024/

പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 16,70,950 രൂപ അധിക തുക ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ച് നൽകിയിട്ടില്ല.

05-03-ടെലിഫോൺ ചെലവ് എന്ന ശീർഷകത്തിൽ 25-11-2024 തീയതിയിലെ ബി2/63169/2025/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 5,43,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 10-1-2025 തീയതിയിലെ സ.ഉ. (സാധാ)നമ്പർ 274/2025/ധന. പ്രകാരം 4,50,000 രൂപ അനുവദിച്ചിട്ടുണ്ട്.

05-04-ഓഫീസ് ചെലവുകൾ മറ്റിനം എന്ന ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടില്ല.

06 – വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 28-10-2024 തീയതിയിലെ ബി2/ 63173/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 48,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടതിൽ, 9-1-2025 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 230/2025/ധന പ്രകാരം 5,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

6-3-2025-ലെ ബി2/63173/2024/പി.എച്ച്.ക്യൂ നമ്പർ കത്ത് പ്രകാരം 65,22,000 രൂപയുടെ റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസലും, അധിക തുകയ്ക്ക് കത്തും സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിച്ച് നൽകിയിട്ടില്ല.

18– സംരക്ഷണം എന്ന ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിത്തിനുള്ളിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടില്ല.

34-3 മറ്റു ചെലവുകൾ മറ്റിനം എന്ന ശീർഷകത്തിൽ 21-2-2025 തീയതിയിലെ ബി2/63181/2024/പി.എച്ച്.ക്യൂ കത്ത് പ്രകാരം 40,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 25-3-2025 തീയതിയിലെ സ.ഉ.(സാധാ) നം. 3121/2025/ധന പ്രകാരം 5,00,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

ശിപാർശ

2055-00-104-98—ഇന്ത്യൻ റിസർവ് ബറ്റാലിയൻ

ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സേനാംഗങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും നടത്തുന്ന യാത്രാചെലവുകൾക്കും, വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഇന്ധന ചെലവിനും, ഓഫീസ് ചെലവുകൾക്കും

പ്രസ്തുത കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരം തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1—യാത്രാചെലവുകൾ - യാത്രാബത്ത | 2.1450 കോടി രൂപ |
| 05-4—ഓഫീസ് ചെലവുകൾ - മറ്റിനം | 4.75 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 63.59 ലക്ഷം രൂപ |

(ഖണ്ഡിക നം. 59)

<u>സ്വീകരിച്ച നടപടി</u>

04-1 – യാത്രാ ചെലവുകൾ - യാത്രാബത്ത എന്ന ശീർഷകത്തിൽ 6-11-2024 തീയതിയിലെ ബി2/63191/2024/പി.എച്ച്.ക്യൂ കത്ത് പ്രകാരം 1,80,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ 10-12-2024-ലെ സ.ഉ.(സാധാ)നം.9162/2024/ധന പ്രകാരം 23,10,000 രൂപയും, 25-11-2024 തീയതിയിലെ സ.ഉ.(സാധാ)നം. 8715/2024/ധന പ്രകാരം 25,00,000 രൂപയും ശബരിമല ടി.എ.ക്കായി അനുവദിച്ചിട്ടുണ്ട്. തുടർന്ന് 10-3-2025-ലെ ബി2/63191/2024/പി.എച്ച്.ക്യൂ നമ്പർ കത്ത് പ്രകാരം 85 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി നൽകിയിരുന്നു. കൂടാതെ 22-3-2025-ലെ ബി2/63164/ 2024/പി.എച്ച്.ക്യൂ പ്രകാരം അധിക തുകയും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ശീർഷകത്തിൽ ആകെ 48,10,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

05-04-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ എന്ന ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സംസ്ഥാന മേധാവി സമർപ്പിച്ചിട്ടില്ല.

45- പി.ഒ.എൽ. എന്ന ശീർഷകത്തിൽ 22-3-2025 തീയതിയിലെ ബി2/63216/ 2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 4,93,200 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

ശിപാർശ

2055-00-108-99—വിക്ടിം കോമ്പൻസേഷൻ ഫണ്ട്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയുള്ള നഷ്ടപരിഹാര തുക നൽകുന്നതിനായി വകയിരുത്തിയ വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 60)

സ്വീകരിച്ച നടപടി

2055-00-108-99 എന്ന ബജറ്റ് ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക 50,00,000 രൂപയും അധികമായി അനുവദിച്ച 3,00,00,000 രൂപയും കൂടി ആകെ ലഭിച്ചത് 3,50,00,000 രൂപയും യഥാർത്ഥ ചെലവ് 3,48,50,000 രൂപയും ആണ്.

(സർക്കാർ കത്ത് നമ്പർ .PLY-1/370/2024-LAW. തീയതി 11-9-2025)

ശിപാർശ

2055-00-109-99—ജില്ലാസേന

ജില്ലാസേനയുടെ ചെലവുകൾക്കായി താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2024-25 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം ഓരോന്നിലും തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 4.7007 കോടി രൂപ |
| 04-1—യാത്രാബത്ത | 9.50 കോടി രൂപ |
| 05-2—വൈദ്യുതി ചെലവ് | 1.4552 കോടി രൂപ |
| 05-4—ഓഫീസ് ചെലവുകൾ - മറ്റിനം | 10.4270 കോടി രൂപ |

| | |
|---|---|
| 06—വാടക, കരം, നികുതി | 4.9799 കോടി രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും | 12.6292 കോടി രൂപ |
| 34—3-മറ്റ് ചെലവുകൾ -മറ്റിനം | 11.0063 കോടി രൂപ |
| 45—പി.ഒ.എൽ. | 48.1989 കോടി രൂപ |

(ഖണ്ഡിക നം. 61)

<u>സ്വീകരിച്ച നടപടി</u>

01-4 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ 2-9-2024 തീയതിയിലെ ബി3/63030/2024/പി.എച്ച്.ക്യൂ കത്ത് പ്രകാരം 2,50,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 14-11-2024-ലെ സ.ഉ.(സാധാ)നം.8417/2024/ധന. പ്രകാരം 21,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

5-3-2025 തീയതിയിലെ ബി3/63030/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 3,50,00,000 രൂപ Re-appropriation വഴിയും, 25-3-2025 തീയതിയിലെ ബി3/63030/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം അധിക തുകയായി 3,50,00,000 രൂപയും ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

04-1 യാത്രാബത്ത എന്ന ശീർഷകത്തിൽ 10-12-2024-ലെ സ.ഉ.(സാധാ) നം.9162/2024/ധന. പ്രകാരം 4,00,00,000 രൂപ ശബരിമല Advance TA-ക്കായി അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

22-3-2025-ലെ ബി3/63031/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 51,60,000-രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

05-2-വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ 25-4-2025-ലെ ബി3/63035/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 35,30,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 5-3-2025-ലെ സ.ഉ.(സാധാ) നം. 2102/2025/ധന. പ്രകാരം 17,53,000 രൂപ അനുവദിച്ചിട്ടുണ്ട്.

06-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 10-12-2024-ലെ ബി3/63038/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 5,63,20,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 3-2-2025-ലെ സ.ഉ.(സാധാ)നം. 1011/2025/ധന. പ്രകാരം 1,00,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

6-3-2025-ലെ ബി3/63038/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 2,15,34,711 രൂപ Re-appropriation വഴിയും, 25-3-2025 തീയതിയിലെ ബി3/63038/2024/പി.എച്ച്.ക്യൂ കത്ത് പ്രകാരം അധിക തുകയും ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

21-2 മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ 5-2-2025 തീയതിയിലെ ബി3/63042/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 3,50,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 22-3-2025-ലെ സ.ഉ.(സാധാ) നം. 2805/2025/ധന. പ്രകാരം 1,00,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

34-3-മറ്റ് ചെലവുകൾ-മറ്റിനം എന്ന ശീർഷകത്തിൽ 27-12-2024 തീയതിയിലെ സ.ഉ(സാധാ) നമ്പർ 9574/2024/ധന. പ്രകാരം 2,00,00,000 രൂപയും, 4-1-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 111/2025/ധന. പ്രകാരം 1,00,00,000 രൂപയും, 22-3-2025 തീയതിയിലെ സ.ഉ (സാധാ) നമ്പർ 2809/2025/ധന. പ്രകാരം 65,00,000 രൂപയും ശബരിമല മെസ്സ് ഫണ്ടിനായി അനുവദിച്ചിട്ടുണ്ട്.

കേരളത്തിലെ Mounted Police Unit-ലേക്ക് കുതിരകളെ വാങ്ങുന്നതിനായി 6-1-2025 തീയതിയിലെ സ.ഉ. (സാധാ) നം. 135/2025/ധന. പ്രകാരം 51,65,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്. 24-12-2024-ലെ ബി3-63043/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 1,00,00,000 രൂപ ആവശ്യപ്പെട്ടിരുന്നു. 21-1-2025 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 560/2025/ധന. പ്രകാരം 25,00,000 രൂപ അനുവദിച്ചു.

പുതിയതായി നിർമ്മിച്ച പോലീസ് സ്റ്റേഷനുകളുടെ ഉദ്ഘാടന ചെലവുകൾക്കായി 18-1-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 497/2025/ധന. പ്രകാരം 1,72,000 രൂപ, 25-2-2025 തീയതിയിലെ സ.ഉ (സാധാ) നമ്പർ 1809/2025/ധന. പ്രകാരം 1,00,000 രൂപ, 27-2-2025 തീയതിയിലെ സ.ഉ (സാധാ) നമ്പർ 1846/2025/ധന. പ്രകാരം 50,000 രൂപ, 28-2-2025 തീയതിയിലെ സ.ഉ (സാധാ)നമ്പർ 1899/2025/ധന. പ്രകാരം 51,000 രൂപ, 28-2-2025 തീയതിയിലെ സ.ഉ (സാധാ) നമ്പർ 1901/2025/ധന. പ്രകാരം 50,000 രൂപയും അനുവദിച്ചിട്ടുണ്ട്. 5-3-2025 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 2095/2025/ധന. പ്രകാരം 1,75,44,760 രൂപ ശബരിമല ഉത്സവത്തോടനുബന്ധിച്ച് നിയമിച്ച SPO മാർക്ക് remuneration നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

6-3-2025 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 2163/2025/ധന. പ്രകാരം 24,000 രൂപ Electricity Connection ത്രീ ഫേസ് ആക്കുന്നതിനായും, 10-3-2025 തീയതിയിലെ സ.ഉ (സാധാ) നമ്പർ 2271/2025/ധന. പ്രകാരം 95,000 രൂപ Electricity Connection എടുക്കുന്നതിന് വേണ്ടിയും അനുവദിച്ചു.

11-3-2025 തീയതിയിലെ ബി3/63043/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 25,00,000 രൂപ അധികതുകയായി ആവശ്യപ്പെട്ടിരുന്നു. തുക അനുവദിച്ച് നൽകിയിട്ടില്ല. ടി ശീർഷകത്തിൽ ആകെ 6,22,52,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

5-4 ഓഫീസ് ചെലവ് - മറ്റിനം, 45 പി.ഒ.എൽ എന്ന ശീർഷകങ്ങളിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

ശിപാർശ

2055-00-111-99—റെയിൽവേ പോലീസ്

റെയിൽവേ പോലീസിന്റെ ടി.എ. ബിൽ കുടിശ്ശിക തീർക്കുന്നതിനും, റെയിൽവേ പോലീസ് ഓഫീസിലെ ടെലിഫോൺ ബില്ലുകൾ തീർപ്പാക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൻ കീഴിലെ 04-1-യാത്രാചെലവ്-യാത്രാബത്ത ഇനത്തിൽ 3.90 കോടി രൂപയും 05-3-ടെലിഫോൺ ചെലവ് ഇനത്തിൽ 6.73 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 62)

സ്വീകരിച്ച നടപടി

04-01 യാത്രാബത്ത എന്ന ശീർഷകത്തിൽ 10-12-2024 തീയതിയിലെ സ.ഉ (സാധാ) നം. 9162/2025/ധന. പ്രകാരം 5,00,000 രൂപ ശബരിമല ടി.എ.-ക്കായി അധിക തുകയായി അനുവദിച്ചു. 5-3-2025 തീയതിയിലെ ബി2/63225/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 85,00,000 രൂപ അധിക തുകയായും, 21-2-2025 തീയതിയിലെ ബി2/63164/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം അധിക തുകയും ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

05-3 ടെലിഫോൺ ചെലവ് എന്ന ശീർഷകത്തിൽ 13-2-2024-ലെ ബി2/63232/2024/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 99,431 രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

<u>ശിപാർശ</u>

2055-00-112-99—<u>കൊച്ചി തുറമുഖ പോലീസ്</u>

കൊച്ചി തുറമുഖ പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ യാത്രാബത്താ കുടിശ്ശിക തീർക്കുന്നതിന് 04-1-യാത്രാബത്ത കണക്കിനത്തിൽ 3.95 ലക്ഷം രൂപയും വാഹനങ്ങളുടെ ഇന്ധനചെലവ് നിർവ്വഹിക്കുന്നതിന് 45-പി.ഒ.എൽ കണക്കിനത്തിൽ 3.74 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 63)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

<u>ശിപാർശ</u>

2055-00-112-98—<u>തീരദേശപോലീസ് സ്റ്റേഷനുകൾ</u>

04-1—<u>യാത്രാചലവുകൾ - യാത്രാബത്ത</u>

തീരദേശ പോലീസ് സ്റ്റേഷനുകളിൽ ടി.എ. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 88 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 64)

<u>സ്വീകരിച്ച നടപടി</u>

3-9-2024 തീയതിയിലെ ബി3/63053/2024/പി.എച്ച്.ക്യൂ കത്ത് പ്രകാരം 25,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 5-11-2024 തീയതിയിലെ സ.ഉ.(സാധാ)നം.8203/2024/ധന. പ്രകാരം 5,00,000 രൂപ അനുവദിച്ചിട്ടുണ്ട്. 10-12-2024 തീയതിയിലെ സ.ഉ (സാധാ) നമ്പർ 9162/2024/ധന. പ്രകാരം 15,00,000 രൂപ ശബരിമല ടിഎ നൽകുന്നതിനായി അനുവദിച്ചു. 1-3-2025 തീയതിയിലെ സ.ഉ (സാധാ) നമ്പർ 1916/2025/ധന. പ്രകാരം 15,00,000 രൂപ യൂണിറ്റുകളുടെ കുടിശ്ശിക തീർക്കാൻ റീ അപ്രോപ്രിയേഷൻ മുഖാന്തിരം അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

ശിപാർശ

2055-00-112-98—തീരദേശപോലീസ് സ്റ്റേഷനുകൾ

45—പി.ഒ.എൽ.

വർദ്ധിച്ചുവരുന്ന ഇന്ധനവില കണക്കിലെടുത്ത്, തീരദേശ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ ഇന്ധനചെലവിലേയ്ക്കായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.4121 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 65)

സ്വീകരിച്ച നടപടി

15-3-2025 തീയതിയിലെ ബി3/64217/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 11,30,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

ശിപാർശ

2055-00-113-98—സ്പോർട്സ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ സ്പോർട്സ് കിറ്റ് വാങ്ങുന്നതിനും, ക്യാഷ് റിവാർഡുകൾ നൽകുന്നതിനും ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 2.532 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 66)

സ്വീകരിച്ച നടപടി

All India Police Badmination Cluster (Badminton & Table Tennis) 2024-25-ന്റെ ചെലവിനായി 13-12-2024-ലെ എച്ച്15/91054/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. കൂടാതെ 5-3-2025-ലെ ബി1/112196/2024/പി.എച്ച്.ക്യൂ. പ്രകാരം 13,40,000 രൂപ sports items വാങ്ങുന്നതിനായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

ശിപാർശ

2055-00-114-99—വയർലെസ് യൂണിറ്റ്

യൂണിറ്റിലെ മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കും, ടെലിഫോൺ ചാർജ്ജ് ഇനത്തിലും, വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഓഫീസ് ചെലവുകൾക്കും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കൂടുതൽ തുക വേണ്ടിവരുന്നതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1—യാത്രാചെലവുകൾ യാത്രാബത്ത | 50.30 ലക്ഷം രൂപ |
| 05-3—ടെലിഫോൺ ചെലവ് | 1.86 കോടി രൂപ |
| 05-4—ഓഫീസ് ചെലവുകൾ-മറ്റിനം | 32.53 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 25.22 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 12.16 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 67)

സ്വീകരിച്ച നടപടി

04-1-യാത്രാചെലവുകൾ യാത്രാബത്ത എന്ന ശീർഷകത്തിൽ 10-12-2024 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 9162/2024/ധന. പ്രകാരം 50,00,000 രൂപ ശബരിമല ടി.എ. നൽകുന്നതിനായി അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

05-3-ടെലിഫോൺ ചെലവ് എന്ന ശീർഷകത്തിൽ 27-2-2025 തീയതിയിലെ ബി2/63260/2024/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 15,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 22-3-2025 തീയതിയിലെ സ.ഉ.(സാധാ) നം. 281/2025/ധന. പ്രകാരം 13,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

06-വാടക, കരം, നികുതി, എന്ന ശീർഷകത്തിൽ 8-7-2024 തീയതിയിലെ ബി2/63263/2024/പി.എച്ച്.ക്യൂ കത്ത് പ്രകാരം 9,55,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 25-8-2024 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 7118/2024/ധന. പ്രകാരം 2,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

05-4 ഓഫീസ് ചെലവുകൾ-മറ്റിനം, 21-2-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും, 45-പി.ഒ.എൽ. എന്നീ ശീർഷകങ്ങളിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

ശിപാർശ

2055-00-116-99—ഫോറൻസിക് സയൻസ്

05-4 —ഓഫീസ് ചെലവുകൾ -മറ്റിനം

ഫോറൻസിക് സയൻസ് ഓഫീസുകളിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.76 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 68)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിയതിനാൽ അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

ശിപാർശ

2055-00-117-96—കേരള ആന്റിടെറർ സ്ക്വാഡ്

45—പി.ഒ.എൽ

കേരള ആന്റി ടെറർ സ്ക്വാഡ് യൂണിറ്റിലെ വാഹനങ്ങളുടെ ഇന്ധനചെലവ് വഹിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 28.25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ (69)

<u>സ്വീകരിച്ച നടപടി</u>

25-11-2024 തീയതിയിലെ ബി2/63344/2025/പി.എച്ച്.ക്യൂ. കത്ത് പ്രകാരം 40,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 4-1-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 75/2025/ധന. പ്രകാരം 10,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

25-11-2024 തീയതിയിലെ ബി2/63344/2025/പി.എച്ച്.ക്യൂ കത്ത് പ്രകാരം 20,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. 5-3-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2086/2025/ധന. പ്രകാരം 5,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ ആകെ 15,00,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.എ 2/332/2024, തീയതി 23-7-2025)

<u>ശിപാർശ</u>

2062-00-103-99—<u>കേരള ലോകായുക്ത, 1998</u>

ഈ ശീർഷകത്തിൻ കീഴിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റ ബത്തയിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 8 ലക്ഷം രൂപയും 04-2-സ്ഥലംമാറ്റബത്ത എന്ന കണക്കിനത്തിൽ 5 ലക്ഷം രൂപയും കൂടാതെ ഓഫീസ് കമ്പ്യൂട്ടറൈസേഷൻ ചെലവുകൾക്കായി 05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്ന കണക്കിനത്തിൽ 49 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 70)

<u>സ്വീകരിച്ച നടപടി</u>

12-9-2024 തീയതിയിലെ സ.ഉ (സാധാ) നമ്പർ 6969/2024/ധന. 5-3-2025-ലെ സ.ഉ.(സാധാ) നമ്പർ 2089/2025/ധന. പ്രകാരം 01-4 മെഡിക്കൽ റീ-ഇംബ്ലേഴ്സ്മെന്റ് എന്ന ഇനത്തിൽ ആകെ 5,66,000 രൂപ അനുവദിച്ചിട്ടുണ്ട്.

25-7-2024 തീയതിയിലെ സ.ഉ(സാധാ) നം. 5719/2024/ധന. 5-3-2025-ലെ സ.ഉ.(സാധാ) നമ്പർ 2089/2025/ധന. പ്രകാരം '04-02 സ്ഥലംമാറ്റ ബത്ത' എന്ന ഇനത്തിൽ ആകെ 7,87,000 രൂപ അനുവദിച്ചിട്ടുണ്ട്.

24-1-2025-ലെ സ.ഉ(സാധാ) നമ്പർ 695/2025/ധന. പ്രകാരം '05-4 ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ' എന്ന ഇനത്തിൽ ആകെ 5,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വി.ജി.സി3/200/2024-വി.ജി. തീയതി 28-4-2025)

## ശിപാർശ

2062-00-104-99—വിജിലൻസ്

വകുപ്പിലെ വെള്ളക്കരം കുടിശ്ശിക, വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക, വിവിധ വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തുന്ന ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപണികൾ, ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, ഇന്ധന ചെലവ്, കെട്ടിടങ്ങളുടെ വാടക, നികുതി, വൈദ്യുതി ചെലവ്, പബ്ലിക് പ്രോസിക്യൂട്ടർമാരുടെ കൺസോളിഡേറ്റഡ് വേതനം, ജീവനക്കാരുടെ യാത്രാബത്ത, അവധിയാത്രാനുകൂല്യം, മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 05-1—വെള്ളക്കരം | 3 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 20 ലക്ഷം രൂപ |
| 15—രഹസ്യസേവന ചെലവുകൾ | 5 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 25 ലക്ഷം രൂപ |
| 17—ചെറുകിട മരാമത്ത് പണികൾ | 5 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 50 ലക്ഷം രൂപ |
| 04-4—അവധിയാത്രാനുകൂല്യം | 6 ലക്ഷം രൂപ |
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 16 ലക്ഷം രൂപ |
| 02-4—വേതനം | 54 ലക്ഷം രൂപ |
| 04-1—യാത്രാബത്ത | 15 ലക്ഷം രൂപ |

| | |
|---|---|
| 28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ | 1 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 15 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 15 ലക്ഷം രൂപ |
| 59—സമ്മാനങ്ങളും അവാർഡുകളും | 10000 രൂപ |

(ഖണ്ഡിക നമ്പർ 71)

സ്വീകരിച്ച നടപടി

31-12-2024 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 9661/2024/ധന. പ്രകാരം 2062-00-104-99-05-1 വെള്ളക്കരം എന്ന ഇനത്തിൽ 2,00,000 രൂപയും.

29-1-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 839/2025/ധന. പ്രകാരം 2062-00-104-99-01-04 മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 6,21,000 രൂപയും.

22-6-2024 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4933/2024/ധന. പ്രകാരം 2062-00-104-99-02-4 വേതനം എന്ന ഇനത്തിൽ 23,70,000 രൂപയും.

12-2-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1310/2025/ധന. പ്രകാരം 2062-00-104-99-04-2 സ്ഥലംമാറ്റ യാത്രാബത്ത എന്ന ഇനത്തിൽ 1,04,000 രൂപയും.

27-1-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 786/2025/ധന. പ്രകാരം 2062-00-104-99-06 വാടക, കരം, നികുതി എന്ന ഇനത്തിൽ 10,00,000 രൂപയും.

29-1-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 839/2025/ധന. പ്രകാരം 2062-00-104-99-05-02 വൈദ്യുതി ചെലവ് എന്ന ഇനത്തിൽ 4,50,000 രൂപയും അധികമായി അനുവദിച്ചിട്ടുണ്ട് ഈ ശീർഷകങ്ങളിൽതന്നെ വീണ്ടും അധികമായി ശിപാർശ ചെയ്തിരുന്നതിൽ ഈ സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതം ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷത്തേക്ക് മാറ്റി വയ്ക്കുവാൻ അഭ്യർത്ഥിച്ചിരുന്നു.

മറ്റു ശീർഷകങ്ങളിൽ ബജറ്റ് വിഹിതത്തിലും അധികരിച്ച ചെലവിന് ഉപോൽബലകമായ രേഖകളും ശിപാർശകളും വകുപ്പു മേധാവി സമർപ്പിക്കാത്തതിനാൽ 2024-25 സാമ്പത്തിക വർഷം സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടിവന്നില്ല.

(സർക്കാർ കത്ത് നമ്പർ വി.ജി.സി3/200/2024-വിജി. തീയതി 28-4-2025)

ശിപാർശ

2062-00-105-99—വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം

ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാബത്ത എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 12.30797 ലക്ഷം രൂപയും 04-1-യാത്രാബത്തയിനത്തിൽ 44,000 രൂപയും ഉൾപ്പെടെ ആകെ 12.74797 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 72)

സ്വീകരിച്ച നടപടി

14-11-2024 തീയതിയിലെ സ.ഉ.(സാധാ) നം. 8428/2024/ധന. പ്രകാരം 2062-00-105-99-01-04-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 1,38,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. യാത്രാബത്ത ഇനത്തിൽ അധിക തുക അനുവദിക്കുന്നതിന് മതിയായ വിവരങ്ങൾ വകുപ്പ് മേധാവി യഥാസമയം സമർപ്പിക്കാത്തതിനാൽ 2024-25 സാമ്പത്തിക വർഷം സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വി.ജി.സി3/200/2024-വിജി. തീയതി 28-4-2025)

ശിപാർശ

2062-00-105-97—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിനും മെഡിക്കൽ റീഇംബേഴ്സ്മെന്റ്, ലീവ് സറണ്ടർ എന്നിവ നൽകുന്നതിന്റെ ചെലവിനും, സാക്ഷികളുടെ ബത്ത, ഫർണിച്ചർ, സി.സി.ടി.വി. സ്ഥാപിക്കൽ, പി.ഒ.എൽ., ഐ.റ്റി. എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 33.97 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 73)

സ്വീകരിച്ച നടപടി

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 27-4-2024-ലെ സ.ഉ.(സാധാ)നമ്പർ 3716/2024/ധന. പ്രകാരം 1,10,000 രൂപയും 21-11-2024-ലെ സ.ഉ.(സാധാ)നമ്പർ 8610/2024/ധന. പ്രകാരം 99,000 രൂപയും അധിക തുക അനുവദിച്ചിട്ടുണ്ട്.

സി.സി.ടി.വി. സ്ഥാപിക്കുന്ന ഇനത്തിൽ തുക അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ യഥാസമയം നൽകാത്തതിനാലും മറ്റ് ശീർഷകങ്ങളിൽ അധിക ചെലവിന് ഉപോൽബലകമായ രേഖകൾ സമർപ്പിക്കാത്തതിനാലും 2024-25 സാമ്പത്തിക വർഷം സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ വി.ജി.സി3/200/2024-വിജി. തീയതി 28-4-2025)

## ശിപാർശ

2062-00-105-94—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോട്ടയം

എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോട്ടയം-യുടെ വീട്ടുവാടകയിനത്തിൽ പ്രതിമാസം 20,000 രൂപ നിരക്കിൽ ഒരു വർഷം 2,40,000 രൂപ വേണ്ടിവരും. ഇതിലേയ്ക്കായി 1.34 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. ആയതിനാൽ 06-വാടക, കരം, നികുതി ഇനത്തിൽ 90,000 രൂപയും, വകുപ്പിന് കൂടുതൽ കാര്യക്ഷമതയുള്ള മൾട്ടി ഫംഗ്ഷൻ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിലേക്കായി 05-04-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്ന ഇനത്തിൽ 1.60 ലക്ഷം രൂപയും കൂടാതെ ഇന്ധന ചെലവ് കുടിശ്ശിക നൽകുന്നതിന് 45-പി.ഒ.എൽ. ശീർഷകത്തിൽ 40,000 രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 74)

## സ്വീകരിച്ച നടപടി

13-11-2024 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 8389/2024/ധന. പ്രകാരം 2062-00-105-94-06-00 വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 50,000 രൂപയും, 28-2-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1891/2025/ധന. പ്രകാരം 2062-00-105-94-45-POL എന്ന ഇനത്തിൽ 40,000 രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് ബജറ്റ് വിഹിതം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അക്കാര്യം 2025-26 സാമ്പത്തിക വർഷത്തേക്ക് മാറ്റി വയ്ക്കുവാൻ വകുപ്പ് മേധാവിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വി.ജി.സി3/200/2024-വി.ജി. തീയതി 28-4-2025)

<u>ശിപാർശ</u>

2062-00-105-90— <u>എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ</u>

എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മൂവാറ്റുപുഴ-യുടെ ഔദ്യോഗിക വസതിയുടെ പ്രതിമാസ വാടക 15625 രൂപയാണ്. വാടകയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 1,90,000 രൂപ അപര്യാപ്തമായതിനാൽ 06-വാടക, കരം, നികുതി ഇനത്തിൽ 52,500 രൂപയും കോടതിയിൽ സാക്ഷികളുടെയും പ്രതികളുടെയും വിചാരണമൊഴികൾ, കമ്പ്യൂട്ടർ വോയിസ് ടൈപ്പിങ് മുഖാന്തിരം രേഖപ്പെടുത്തുന്നതിന് ഒരു ലാപ്ടോപ്പ് വാങ്ങുന്നതിനായി 99-വിവരസാങ്കേതിക വിദ്യ ഇനത്തിൽ 62,000 രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 75)

<u>സ്വീകരിച്ച നടപടി</u>

16-1-2025 തീയതിയിലെ സ.ഉ.(സാധാ) നം. 426/2025/ധന. പ്രകാരം 2062-105-90-06 വാടക, കരം, നികുതി ഇനത്തിൽ 53,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ലാപ് ടോപ്പ് വാങ്ങുന്നത് സംബന്ധിച്ച ശിപാർശ 2025-26 സാമ്പത്തിക വർഷത്തെ പ്ലാൻ ബജറ്റിൽ നിന്നും കണ്ടെത്താൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വി.ജി.സി3/200/2024-വിജി. തീയതി 28-4-2025)

<u>ശിപാർശ</u>

2056-00-001-98—<u>ജയിലുകളുടെ നവീകരണം</u>

05-3— <u>ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്</u>

ജയിലുകളിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് ബ്രോഡ്ബാൻഡ് കണക്ടിവിറ്റി നൽകുന്നതിനായി നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 72.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 76)

<u>സ്വീകരിച്ച നടപടി</u>

26-7-2024 തീയതിയിലെ G.O(Rt)5777/2024/FIN നമ്പർ ഉത്തരവ് പ്രകാരം 19.42 ലക്ഷം രൂപയും. 18-10-2024 തീയതിയിലെ G.O(Rt) 7748/2024/FIN നമ്പർ ഉത്തരവ് പ്രകാരം 25.47 ലക്ഷം രൂപയും, 9-12-2024 തീയതിയിലെ

G.O(Rt)9131/2024/FIN നമ്പർ ഉത്തരവ് പ്രകാരം 25.46 ലക്ഷം രൂപയും, 3-3-2025 തീയതിയിലെ G.O(Rt)2017/2025/FIN നമ്പർ ഉത്തരവ് പ്രകാരം 25.24 ലക്ഷം രൂപയും ചേർത്ത് ആകെ 95.59 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കുകയും, ആയത് പൂർണ്ണമായും ചെലവാക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ ബി2/218/2024/ആഭ്യന്തരം. തീയതി 16-5-2025)

ശിപാർശ

2056-00-001-98— ജയിലുകളുടെ നവീകരണം

17— ചെറുകിടമരാമത്ത് പണികൾ

വിവിധ ജയിലുകളിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾ, ഡ്രെയിനേജ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയ പ്രവൃത്തികൾക്കുള്ള ചെലവിലേയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 77)

സ്വീകരിച്ച നടപടി

18-3-2025 തീയതിയിലെ G.O(Rt)2579/2025/FIN നമ്പർ ഉത്തരവ് പ്രകാരം 6.12 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കുകയും ആയത് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ ബി2/218/2024/ആഭ്യന്തരം. തീയതി 16-5-2025)

ശിപാർശ

2056-00-101-99—ജയിലുകൾ

05-2—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ജയിൽ സ്ഥാപനങ്ങളിൽ വർദ്ധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ് കണക്കിലെടുത്ത് വൈദ്യുതി ചെലവ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 78)

<u>സ്വീകരിച്ച നടപടി</u>

14-2-2025 തീയതിയിലെ G.O(Rt)1378/2025/FIN നമ്പർ ഉത്തരവ് പ്രകാരം 26 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കുകയും ആയത് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ ബി2/218/2024/ആഭ്യന്തരം. തീയതി 16-5-2025)

<u>ശിപാർശ</u>

2056-00-101-99—<u>ജയിലുകൾ</u>

06—<u>വാടക, കരം, നികുതി</u>

കെട്ടിടങ്ങളുടെ നികുതി, പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ചതിനാൽ പുതുക്കിയ നിരക്കിലുള്ള നികുതി അടയ്ക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 79)

<u>സ്വീകരിച്ച നടപടി</u>

ബജറ്റിൽ അനുവദിച്ച തുക സാമ്പത്തിക വർഷം അവസാനത്തോട് കൂടി മാത്രമാണ് ഏകദേശം പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചത് അതിനാൽ അധിക തുക ആവശ്യം വന്നിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി2/218/2024/ആഭ്യന്തരം. തീയതി 16-5-2025)

<u>ശിപാർശ</u>

2056-00-101-99—<u>ജയിലുകൾ</u>

21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ജയിലുകളിലെ പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, വാഹനങ്ങളിലേയ്ക്ക് ആവശ്യമായ സ്പെയർ പാർട്സുകൾ വാങ്ങുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 80)

<u>സ്വീകരിച്ച നടപടി</u>

14-11-2024 തീയതിയിലെ G.O(Rt)8418/2025/FIN നമ്പർ ഉത്തരവ് പ്രകാരം 64,000 രൂപയും, 16-11-2024 തീയതിയിലെ G.O(Rt)8489/2025/FIN നമ്പർ ഉത്തരവ് പ്രകാരം 2 ലക്ഷം രൂപയും, 3-1-2025 തീയതിയിലെ G.O(Rt)35/2025/FIN നമ്പർ ഉത്തരവ് പ്രകാരം 39,000 രൂപയും 12-2-2025 തീയതിയിലെ G.O(Rt)1324/2025/ FIN നമ്പർ ഉത്തരവ് പ്രകാരം 2 ലക്ഷം രൂപയും ടി ശീർഷകത്തിൽ അധികമായി അനുവദിക്കുകയും, ആയത് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ ബി2/218/2024/ആഭ്യന്തരം. തീയതി 16-5-2025)

<u>ശിപാർശ</u>

2056-00-101-99—<u>ജയിലുകൾ</u>

34-3—<u>മറ്റ് ചെലവുകൾ- മറ്റിനം</u>

തടവുകാരുടെ വേതനം, ചികിത്സാ ചെലവ്, മരുന്ന്, കോടതിയിൽ ഹാജരാക്കുന്നതിനുള്ള ബത്ത, ബാർബർ ചാർജ്ജസ്, തടവുകാർ ജയിൽ മോചിതരാകുന്ന മുറയ്ക്ക് നൽകേണ്ട വേതനം തുടങ്ങിയവയുൾപ്പെടെയുള്ള ചെലവുകൾക്കായി വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 81)

<u>സ്വീകരിച്ച നടപടി</u>

9-1-2025 തീയതിയിലെ G.O(Rt)245/2025/FIN നമ്പർ ഉത്തരവ് പ്രകാരം 2 കോടി രൂപയും, 22-3-2025 തീയതിയിലെ G.O(Rt)2811/2025/ FIN നമ്പർ ഉത്തരവ് പ്രകാരം ഒരു കോടി രൂപയും ടീ ശീർഷകത്തിൽ അധികമായി അനുവദിക്കുകയും, ആയത് ഏകദേശം പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ ബി2/218/2024/ആഭ്യന്തരം. തീയതി 16-5-2025)

<u>ശിപാർശ</u>

2056-00-101-99—<u>ജയിലുകൾ</u>

45—<u>പി.ഒ.എൽ.</u>

ഇന്ധന വിലയിലെ വർദ്ധനവ് കാരണം വാഹനങ്ങളുടെ ഇന്ധന ചെലവ്

നിർവ്വഹിക്കാൻ നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 82)

<u>സ്വീകരിച്ച നടപടി</u>

16-11-2024 തീയതിയിലെ G.O(Rt)8489/2024/FIN നമ്പർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയും, 12-2-2025 തീയതിയിലെ G.O(Rt)1324/2025/FIN നമ്പർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയും ടി ശീർഷകത്തിൽ അധികമായി അനുവദിക്കുകയും, ആയത് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ ബി2/218/2024/ആഭ്യന്തരം. തീയതി 16-5-2025)

<u>ശിപാർശ</u>

2056-00-101-99—<u>ജയിലുകൾ</u>

56—<u>ഭക്ഷണവും ധനസഹായവും</u>

ജയിലുകളിലെ തടവുകാരുടെ ഭക്ഷ്യസാധനങ്ങളുടെയും, മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിച്ച് വരുന്ന സാഹചര്യവും ഭക്ഷ്യസാധനങ്ങളും, നിത്യോപയോഗ സാധനങ്ങളും വാങ്ങിയ ഇനത്തിൽ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുകയും കണക്കിലെടുത്ത് നിലവിലെ വിഹിതത്തിനു പുറമെ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 83)

<u>സ്വീകരിച്ച നടപടി</u>

16-11-2024 തീയതിയിലെ G.O.(Rt)8489/2024/FIN നമ്പർ ഉത്തരവ് പ്രകാരം 5 കോടി രൂപയും 9-1-2025 തീയതിയിലെ G.O.(Rt)245/2025/FIN നമ്പർ ഉത്തരവ് പ്രകാരം 5 കോടി രൂപയും, അവസാന ബാച്ച് എസ്.ഡി.ജി.-യിൽ 5 കോടി രൂപയും 12-2-2025 തീയതിയിലെ G.O.(Rt)1324/2025/FIN നമ്പർ ഉത്തരവ് പ്രകാരം 2 കോടി രൂപയും ടി ശീർഷകത്തിൽ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/218/2024/ആഭ്യന്തരം. തീയതി 16-5-2025)

ശിപാർശ

2056-00-001-98—ജയിലുകളുടെ നവീകരണം

34-3—മറ്റ് ചെലവുകൾ - മറ്റിനം

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സബ്ജയിലിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി മൂന്ന് കോടി രൂപയും, പാലക്കാട് ജില്ലാ ജയിൽ ജീവനക്കാരുടെ ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി ആറുകോടി എഴുപത്തി മൂന്ന് ലക്ഷത്തി എഴുപതിനായിരം രൂപയും ഉൾപ്പെടെ ആകെ 9.7370 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 84)

സ്വീകരിച്ച നടപടി

16-7-2024 തീയതിയിലെ സ.ഉ(കൈ)നം.158/2024/HOME ഉത്തരവ് പ്രകാരം സ്പെഷ്യൽ സബ് ജയിലായി നിർമ്മിക്കുന്നതിന് തത്വത്തിൽ അനുമതി ലഭിച്ച പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് പുതിയ സ്പെഷ്യൽ സബ് ജയിൽ നിർമ്മിക്കുന്നതിന്റെ ആദ്യഘട്ടമായി ചുറ്റമതിൽ നിർമ്മാണം 1.48 കോടി രൂപ പദ്ധതി ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ജയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി സോയിൽ ടെസ്റ്റ് നടത്തുന്നതിനായി 4.90 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമായാൽ മാത്രമേ ജയിൽ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

പാലക്കാട് ജില്ലാ ജയിൽ ജീവനക്കാർക്കായി ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ഇതിലേക്കായി തുക കണ്ടെത്താൻ കഴിയുന്നതാണ്.

(സർക്കാർ കത്ത് നമ്പർ ബി2/218/2024/ആഭ്യന്തരം. തീയതി 16-5-2025)

ശിപാർശ

2058-00-001-99—ഭരണവും നടത്തിപ്പും

സ്റ്റേഷനറി വകുപ്പിന്റെ വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക്/കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | വകയിരുത്തേണ്ട തുക |
|---|---|
| 01—ശമ്പളം | 1.27305 കോടി രൂപ |
| 04—യാത്രാബത്ത | 5 ലക്ഷം രൂപ |
| 05—ഓഫീസ് ചെലവുകൾ | 5.10 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 22 ലക്ഷം രൂപ |
| 21-1—വാഹനം വാങ്ങൽ | 40 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 85)

<u>സ്വീകരിച്ച നടപടി</u>

01-ശമ്പളം:- ശമ്പളയിനത്തിൽ സർക്കാർ അനുമതിയോടെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളുമായി ബന്ധപ്പെട്ട ചെലവിന് അപ്രോപ്രിയേഷൻ നിയന്ത്രണം ബാധകമല്ലാത്തതിനാൽ അധിക തുക അനുവദിക്കാതെ തന്നെ ആവശ്യമായ തുക ട്രഷറിയിൽ നിന്നും പിൻവലിക്കാവുന്നതായതിനാൽ അധിക തുക അനുവദിച്ചിട്ടില്ല. 2058-00-001-99-01-4-MR ഇനത്തിൽ 1,60,000 രൂപ ധനപുനഃവിനിയോഗം മുഖേന അനുവദിച്ചിട്ടുണ്ട്.

04-യാത്രാബത്ത :- അധികധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സ്റ്റേഷനറി കൺട്രോളർ ലഭ്യമാക്കിയിരുന്നു. എന്നാൽ ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ലാതിരുന്നതിനാൽ, അധിക തുക അനുവദിച്ചിട്ടില്ല.

2058-00-001-99-05-1 വാട്ടർ ചാർജ്ജസ് എന്ന ശീർഷകത്തിൽ അധികമായി ആവശ്യം വന്ന 25,000 രൂപ ധനപുനഃവിനിയോഗം മുഖേന അനുവദിച്ചിട്ടുണ്ട്.

2058-00-101-99-06- വാടക, കരം, നികുതി എന്ന ശീർഷകത്തിൽ അധികമായി ആവശ്യം വന്ന 2,00,000 രൂപ ധനപുനഃവിനിയോഗം മുഖേന അനുവദിച്ചിട്ടുണ്ട്.

21-1-വാഹനം വാങ്ങൽ :- 17-11-2024 തീയതിയിലെ സ.ഉ (കൈ) 157/2024/ധന. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ചെലവുകൾ നിയന്ത്രിക്കേണ്ടത് അനിവാര്യമായതിനാൽ സർക്കാർ കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ സർക്കാർ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഫർണിച്ചർ വാങ്ങൽ, വാഹനങ്ങൾ വാങ്ങൽ എന്നീ ചെലവുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണം 8-11-2024 തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ സ്റ്റേഷനറി വകപ്പിന്റെ ഉപയോഗത്തിനായി പുതിയ ലോറി വാങ്ങുന്നതിനായി ഉപധനാഭ്യർത്ഥന മുഖേന അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എസ്.പി.ഡി.സി2/110/2024 തീയതി 3-7-2025)

ശിപാർശ

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

18—സംരക്ഷണം

24—സാധനസാമഗ്രികൾ

സംരക്ഷണം, സാധനസാമഗ്രികൾ എന്നീ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഇതു സംബന്ധിച്ച 18—സംരക്ഷണം, 24— സാധനസാമഗ്രികൾ എന്നീ കണക്കിനങ്ങളിൽ യഥാക്രമം 50,000 രൂപയും 4.25 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 86)

സ്വീകരിച്ച നടപടി

അധികധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സ്റ്റേഷനറി കൺട്രോളർ ലഭ്യമാക്കിയിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ അധിക ചെലവ് വന്നിട്ടില്ലാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എസ്.പി.ഡി.സി2/110/2024 തീയതി 3-7-2025)

ശിപാർശ

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

ജീവനക്കാരുടെ ശമ്പളം, വിരമിച്ച സാങ്കേതിക വിഭാഗം ജീവനക്കാർക്ക് കുടിശ്ശികയായിട്ടുള്ള ഓവർടൈം അലവൻസ്, വേതനം, യാത്രാബത്ത, വെള്ളക്കരം, കെട്ടിടങ്ങളുടെ വാടക, നികുതി, വകുപ്പിൽ സ്ഥാപിച്ചിട്ടുള്ള മെഷീനുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനും, സ്പെയർപാർട്സുകൾ വാങ്ങുന്നതിനും, വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും മറ്റു ചെലവുകൾക്കും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കുകൾക്കു നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-1—ശമ്പളം | 27.50 കോടി രൂപ |
| 01-6—ഓവർടൈം അലവൻസ് | 50 ലക്ഷം രൂപ |
| 02—വേതനം | 60 ലക്ഷം രൂപ |

| | |
|---|---|
| 04—യാത്രാചെലവുകൾ | 4.70 ലക്ഷം രൂപ |
| 05-1—വെള്ളക്കരം | 2.70 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 10 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 50 ലക്ഷം രൂപ |
| 17—ചെറുകിടമരാമത്ത് പണികൾ | 5 ലക്ഷം രൂപ |
| 18—സംരക്ഷണം | 50 ലക്ഷം രൂപ |
| 19—യന്ത്രോപകരണങ്ങൾ | 3 ലക്ഷം രൂപ |
| 21-1—വാഹനം വാങ്ങൽ | 15 ലക്ഷം രൂപ |
| 24—സാധനസാമഗ്രികൾ | 1.5 കോടി രൂപ |
| 34-3—മറ്റുചെലവുകൾ | 62 ലക്ഷം രൂപ |
| 99—വിവരസാങ്കേതിക വിദ്യ | 3 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 87)

<u>സ്വീകരിച്ച നടപടി</u>

01-1—ശമ്പളം എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നിട്ടില്ലാതിരുന്നതിനാൽ അധികതുക അനുവദിച്ചിട്ടില്ല.

01-6—ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ അധികമായി ആവശ്യം വന്ന തുകയായ 29,01,000 രൂപ അനുവദിച്ചിട്ടുണ്ട്.

02—വേതനം എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നിട്ടില്ലാതിരുന്നതിനാൽ അധികതുക അനുവദിച്ചിട്ടില്ല.

04—യാത്രാചെലവുകൾ എന്ന ശീർഷകത്തിൽ അധികമായി ആവശ്യം വന്ന തുകയായ 1,30,000 രൂപ അനുവദിച്ചിട്ടുണ്ട്.

05-1—വെള്ളക്കരം എന്ന ശീർഷകത്തിൽ അധികമായി ആവശ്യം വന്ന തുകയായ 2,60,000 രൂപ അനുവദിച്ചിട്ടുണ്ട്.

05-4—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ അധികധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ അച്ചടി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. എന്നാൽ ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ലാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

06—വാടക, കരം, നികുതി എന്ന ശീർഷകത്തിൽ അധികമായി ആവശ്യം വന്ന തുകയായ 3,43,000 രൂപ അനുവദിച്ചിട്ടുണ്ട്.

17—ചെറുകിടമരാമത്ത് പണികൾ എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ലാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

18—സംരക്ഷണം എന്ന ശീർഷകത്തിൽ അധികമായി ആവശ്യം വന്ന തുകയായ 2,39,000 രൂപ അനുവദിച്ചിട്ടുണ്ട്.

19-യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ അധിക തുക ആവശ്യം വന്നിട്ടില്ലാത്തതിനാൽ ആയത് അനുവദിച്ചിട്ടില്ല.

21-1—വാഹനം വാങ്ങൽ:- 17-11-2024 തീയതിയിലെ സ.ഉ (കൈ.) 157/2024/ ധന. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ചെലവുകൾ നിയന്ത്രിക്കേണ്ടത് അനിവാര്യമായതിനാൽ സർക്കാർ കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ സർക്കാർ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഫർണിച്ചർ വാങ്ങൽ, വാഹനങ്ങൾ വാങ്ങൽ എന്നീ ചെലവുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണം 8-11-2024 തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ സ്റ്റേഷനറി വകപ്പിന്റെ ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിനായി ഉപധനാഭ്യർത്ഥന മുഖേന അധിക തുക അനുവദിച്ചിട്ടില്ല.

24—സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നിട്ടില്ലാത്തതിനാൽ ആയത് അനുവദിച്ചിട്ടില്ല.

34-3—മറ്റുചെലവുകൾ എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നിട്ടില്ലാത്തതിനാൽ ആയത് അനുവദിച്ചിട്ടില്ല.

99—വിവരസാങ്കേതികവിദ്യ എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ലാതിരുന്നതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എസ്.പി.ഡി.സി2/110/2024 തീയതി 3-7-2025)

ശിപാർശ

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

ഫയർ ആൻഡ് റസ്ക്യൂ വകുപ്പിലെ ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നതിനായി 34-03-ശീർഷകത്തിൽ 1 കോടി രൂപയും ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശികകൾ തീർക്കുന്നതിനായി 04-01—യാത്രാബത്ത ശീർഷകത്തിൽ 3 കോടി രൂപയും 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും, 45—പി.ഒ. എൽ. എന്നീ ശീർഷകങ്ങളിൽ യഥാക്രമം 1 കോടി രൂപ, 2 കോടി രൂപ എന്നിങ്ങനെ ആകെ 7 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 88)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷം 2070-00-108-98-01—ജില്ലാ ജീവനക്കാർ എന്ന കണക്കിനത്തിൽ 04-01—ടൂർ ടി. എ. ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ. ടി.)നം, 9336/2024 ധന. തീയതി: 16-12-2024, സർക്കാർ ഉത്തരവ് (ആർ. ടി.) നമ്പർ 2647/2025/ധന തീയതി 19-3-2025 എന്നിവ പ്രകാരം 2.8442 കോടി രൂപയും, 45—പി.ഒ.എൽ. ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ. ടി.) നമ്പർ 2543/2025/ധന. തീയതി: 17-3-2025 പ്രകാരം 1 കോടി രൂപയും അഡീഷണൽ ഫണ്ടായി അനുവദിക്കുകയും തുകകൾ വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്. മറ്റ് ശീർഷകങ്ങളിൽ അധിക തുകകൾ ആവശ്യമായി വരാത്തതിനാൽ ധനാനുമതി ശിപാർശകൾ വകുപ്പ് മേധാവി ലഭ്യമാക്കിയിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/253/2024 തീയതി 21-5-2025)

ശിപാർശ

2070-00-108-97—പരിശീലനം

വിയ്യൂർ ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെയും, ഫോർട്ട് കൊച്ചി ജലസുരക്ഷാ വിദഗ്ദ്ധ പരിശീലന കേന്ദ്രത്തിന്റെയും ജീവനക്കാരുടെ യാത്രാ ചെലവുകൾക്കും, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ഇന്ധനചെലവിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 04-1—യാത്രാചെലവ് 5 ലക്ഷം രൂപ, 21-2—മോട്ടോർ വാഹനങ്ങൾ 3 ലക്ഷം രൂപ, 45—പി.ഒ.എൽ. 5 ലക്ഷം രൂപ എന്നിങ്ങനെ ആകെ 13 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 89)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷം 2070-00-108-97-(03)—പരിശീലനം എന്ന കണക്കിനത്തിൽ 04-01—ടൂർ. ടി.എ. ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 2779/2025 ധന. തീയതി 21-3-2025, പ്രകാരം റീ-അപ്രോപ്രിയേഷൻ മുഖേന 3,00,000 രൂപയും, 04-02—ട്രാൻസ്ഫർ ടി.എ ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ. ടി.) നമ്പർ 2779/2025 ധന. തീയതി 21-3-2025 പ്രകാരം റീ-അപ്രോപ്രിയേഷൻ മുഖേന 20,000 രൂപയും അനുവദിക്കുകയും ടി തുകകൾ വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്. മറ്റ് ശീർഷകങ്ങളിൽ അധിക തുകകൾ ആവശ്യമായി വരാത്തതിനാൽ ധനാനുമതി ശിപാർശകൾ വകുപ്പ് മേധാവി ലഭ്യമാക്കിയിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/253/2024 തീയതി 21-5-2025)

<u>ശിപാർശ</u>

2070-00-119-98—<u>ഔദ്യോഗിക ഭാഷ കമ്മീഷൻ</u>

ഔദ്യോഗിക ഭാഷ കമ്മീഷന്റെ ചെലവുകൾക്ക് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയിട്ടുള്ള തുകകൾ അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01—ശമ്പളം | 74.35 ലക്ഷം രൂപ |
| 04—യാത്രാ ചെലവുകൾ | 3.05 ലക്ഷം രൂപ |
| 05—ഓഫീസ് ചെലവുകൾ | 14.99 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 6.96 ലക്ഷം രൂപ |

(ഖണ്ഡിക നമ്പർ 90)

<u>സ്വീകരിച്ച നടപടി</u>

2070-00-119-98-01 ശമ്പളം ശീർഷകത്തിൽ 74.35 ലക്ഷം രൂപ സമിതി ശിപാർശ ചെയ്തിരുന്നു. പ്രസ്തുത തുക ടി ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ 23-8-2024-ലെ 740/A1/2024/ഒ.എൽ.(എൽ).സി നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

2070-00-119-98-04—യാത്രാ ചെലവുകൾ ശീർഷകത്തിൽ 2-11-2024-ലെ സ.ഉ (സാധാ) നമ്പർ 8123/2024/ധനം 26-12-2024-ലെ സ.ഉ.(സാധാ) നമ്പർ 9563/2024/ധനം, 17-3-2025-ലെ സ.ഉ.(സാധാ) നമ്പർ 2504/2025/ധനം എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം 35,000, 21,000, 27,000 (ആകെ 83,000 രൂപ) അധികമായി അനുവദിച്ചിട്ടുണ്ട്.

2070-00-119-98-05—ഓഫീസ് ചെലവുകൾ ശീർഷകത്തിൽ വെള്ളക്കരം ഇനത്തിൽ 26-8-2024-ലെ സ.ഉ.(സാധാ) നമ്പർ 6494/2024/ധനം നമ്പർ ഉത്തരവ് പ്രകാരം 20,000 രൂപ (ഇരുപതിനായിരം രൂപ മാത്രം) അധികമായി അനുവദിച്ചിട്ടുണ്ട്.

2070-00-119-98-06-വാടക. കരം, നികുതി ശീർഷകത്തിൽ 27-12-2024-ലെ സ.ഉ.(സാധാ) നമ്പർ 9581/2024/ധനം നമ്പർ ഉത്തരവ് പ്രകാരം 2,00,000 രൂപ (രണ്ട് ലക്ഷം രൂപ മാത്രം) അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ PLY-1/370/2024-LAW. തീയതി 11-9-2025)

ശിപാർശ

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് യൂണികോഡ് കമ്പ്യൂട്ടിംഗ് പരിശീലനം, ഔദ്യോഗിക ഭാഷ വകുപ്പിന് സ്വന്തമായി ഒരു വെബ്സൈറ്റ് രൂപീകരിക്കൽ, ഭരണഭാഷാവബോധ പരിപാടി, ഭരണഭാഷ പരിശീലനം, പുസ്തക പ്രസിദ്ധീകരണം, മലയാള ദിനാഘോഷം എന്നിവയ്ക്കായി നിലിവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.7257 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 91)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷം വകുപ്പിന്റെ ചെലവുകൾക്കായി 2070-00-119-97-05-4—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ ബജറ്റിൽ അനുവദിക്കപ്പെട്ട തുക 2.43 ലക്ഷം രൂപ മാത്രമാണ്. ടി തുക തികച്ചും അപര്യാപ്തമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുകയായ 2.7257 കോടി രൂപയിൽ നിന്നും 2024-ലെ മലയാളദിനഭരണഭാഷ വാരാഘോഷ പരിപാടികളുടെ നടത്തിപ്പിനായി 2,50,000 രൂപയും ആഘോഷപരിപാടികളുടെ ഭാഗമായി 2024-ലെ ഭരണഭാഷാപുരസ്കാര വിജയികൾക്ക് സമ്മാനം നൽകുന്നതിന് 4,15,000 രൂപയും ചേർന്ന് ആകെ 6,65,000 (ആറുലക്ഷത്തി അറുപത്തിയയ്യായിരം) രൂപ

അഡീഷണൽ ആതറൈസേഷൻ മുഖേന 2070-00-119-97-05-4 മറ്റിനങ്ങൾ എന്ന ഹെഡിൽ അനുവദിച്ചുനൽകുന്നതിന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ നിർദേശപ്രകാരം 24-10-2024-ലെ ജി.ഒ.(ആർടി.)നം. 410/2024/പി&എആർഡി പ്രകാരം 2024-ലെ മലയാളദിന ഭരണഭാഷാവാരാഘോഷ പരിപാടികളുടെ നടത്തിപ്പിനും പുരസ്കാര വിജയികൾക്ക് സമ്മാനം നൽകുന്നതിനുമായി 2,07,000(രണ്ടുലക്ഷത്തി ഏഴായിരം) രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന 2070-00-119-97-05-4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽനിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 21-10-2024-ലെ ജി.ഒ.(ആർടി) നം.7801/2024/ഫിൻ. പ്രകാരം ധനകാര്യവകുപ്പിൽനിന്ന് മലയാളദിന-ഭരണഭാഷാ വാരാഘോഷപരിപാടിയുടെ നടത്തിപ്പിനും ഭരണഭാഷാപ്രയോഗം സംബന്ധിച്ച പുരസ്കാര വിജയികൾക്ക് സമ്മാനം നൽകുന്നതിനുമായി ആകെ 2.07 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായി. 2024-ലെ മലയാള ദിന ഭരണഭാഷാവാരാഘോഷങ്ങൾക്കും അതോടനുബന്ധിച്ച് തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം ജില്ലകളിൽ ഭാഷാവബോധ പരിപാടി സംഘടിപ്പിക്കുന്നതിനുമായി ആകെ 4,26,968 രൂപയും കൂടാതെ വകുപ്പിന്റെ മറ്റുചെലവുകൾക്കായി ഉപയോഗിച്ച 12,766 രൂപയും ഉൾപ്പെടെ ആകെ 4,39,734 (നാലുലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി മുപ്പത്തിനാല് രൂപ മാത്രം) രൂപയാണ് 2024-2025 സാമ്പത്തികവർഷം 2070-00-119-97-05-4-മറ്റിനങ്ങൾ എന്ന ഹെഡിൽനിന്ന് വിനിയോഗിച്ചത്. ബജറ്റ് വിഹിതമായ 2,43,000 രൂപയ്ക്കു പുറമേ ചെലവായ 1,97,000 രൂപ (ആയിരത്തിൽ റൗണ്ട് ഓഫ് ചെയ്ത്) റീ-അപ്രോപ്രിയേഷൻ മുഖേന ക്രമീകരിച്ചുകൊണ്ട് 28-4-2025-ലെ ജി.ഒ. (ആർടി) നമ്പർ3882/2025/ഫിൻ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഒ.എൽ 1/96/2024/പി&എ.ആർ.ഡി. തീയതി 16-6-2025)

ശിപാർശ

4058-00-103-95—സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

അച്ചടി വകുപ്പിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന RA1 Four Colour sheetfed offset Machine ഉൾപ്പെടെയുള്ള മെഷീനുകൾ വാങ്ങുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 2.89 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 92)

<u>സ്വീകരിച്ച നടപടി</u>

17-7-2024 തീയതിയിലെ സ.ഉ (കൈ) 57/2024/ധന. നമ്പർ ഉത്തരവ് പ്രകാരം സർക്കാരിന്റെ സാമ്പത്തിക ഭദ്രത കണക്കിലെടുത്ത് സാമ്പത്തിക വർഷത്തിലെ വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തുവാൻ ഉത്തരവായിരുന്നു. ആയതിൻപ്രകാരം Plan prioritisation 2024-25-മായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിതലത്തിൽ ചേർന്ന യോഗ തീരുമാന പ്രകാരം അച്ചടി വകുപ്പിന് "4058-00-103-99 സർക്കാർ പ്രസ്സുകൾക്കുള്ള കെട്ടിട നിർമ്മാണം എന്ന ശീർഷകത്തിലും 4058-00-103-95-00 സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം" എന്ന ശീർഷകത്തിലും കൂടി ആകെ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന 7.38 കോടി രൂപയിൽ, അനുവദിക്കാവുന്ന തുക 4.43 കോടി രൂപയായി നിജപ്പെടുത്തിയിരുന്നു. ആയതിൽ "4058-00-103-95" എന്ന ശീർഷകത്തിൽ 2.27 കോടി രൂപയാണ് അനുവദിക്കാവുന്നതെന്നതിനാൽ ടി തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ഈ ശീർഷകത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എസ്.പി.ഡി.സി2/110/2024. തീയതി 3-7-2025)

<u>ശിപാർശ</u>

3425—<u>മറ്റു ശാസ്ത്രീയ ഗവേഷണം</u>

3425-60-200-71(01)—<u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതിയ്ക്ക് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ - പ്രത്യേക പരിപാടികൾ</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനും, ശാസ്ത്ര ഉപകരണങ്ങൾ വാങ്ങുന്നതിനും ലൈബ്രറിയുടെയും ലബോറട്ടറിയുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിശീലനത്തിനും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 30.28 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 93)

<u>സ്വീകരിച്ച നടപടി</u>

2025-26 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ടി ശിപാർശ നിരസിച്ചു.

(സർക്കാർ കത്ത് നമ്പർ എ 2/76/2024-എസ്സ് & റ്റി.ഡി. തീയതി 7-7-2025)

ശിപാർശ

3425-60-200-71-(02)—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തൽ

36— സഹായധനം - ശമ്പളേതരം

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 94)

സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ടി ശിപാർശ നിരസിച്ചു.

(സർക്കാർ കത്ത് നമ്പർ എ 2/76/2024-എസ്സ് & റ്റി.ഡി. തീയതി 7-7-2025)

ശിപാർശ

3425-60-200-71(03)—കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ട് നടത്തുന്ന പദ്ധതികളും പരിപാടികളും

ശാസ്ത്ര സാങ്കേതിക മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം, സാങ്കേതിക വികസനം, ശാസ്ത്രപ്രചാരണ പരിപാടി, ശാസ്ത്രസാങ്കേതിക മേഖലയിലെ സ്ത്രീ ശാക്തീകരണം എന്നീ പരിപാടികൾക്കായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.39 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 95)

സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ടി ശിപാർശ നിരസിച്ചു.

(സർക്കാർ കത്ത് നമ്പർ എ 2/76/2024-എസ്സ് & റ്റി.ഡി. തീയതി 7-7-2025)

<u>ശിപാർശ</u>

3425-60-200-71(04)—<u>ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾക്കുള്ള ധനസഹായം</u>

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വിലയിരുത്തലിനും അംഗീകാരത്തിനും വിധേയമായി സ്വയംഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾക്ക് കൗൺസിൽ മുഖേന ഗവൺമെന്റിന്റെ സഹായധനമായി നൽകുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 96)

<u>സ്വീകരിച്ച നടപടി</u>

2025-26 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ടി ശിപാർശ നിരസിച്ചു.

(സർക്കാർ കത്ത് നമ്പർ എ 2/76/2024-എസ്സ് & റ്റി.ഡി. തീയതി 7-7-2025)

<u>ശിപാർശ</u>

3425-60-200-71(07)—<u>ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നിവയ്ക്കുള്ള കേരള സ്റ്റേറ്റ്കൗൺസിൽ</u>

31—<u>സഹായധനം - ശമ്പളം</u>

കൗൺസിലിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, ശമ്പള പരിഷ്കരണം നടപ്പിലാക്കൽ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ കണക്കിനത്തിൽ 59.0028 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 97)

<u>സ്വീകരിച്ച നടപടി</u>

2025-26 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ടി ശിപാർശ നിരസിച്ചു.

(സർക്കാർ കത്ത് നമ്പർ എ 2/76/2024-എസ്സ് & റ്റി.ഡി. തീയതി 7-1-2025)

ശിപാർശ

3425-60-200-70—ബയോടെക്നോളജി വികസനം

ജൈവ സാങ്കേതിക വിദ്യയിൽ ഗവേഷണം, സംരംഭകത്വ വികസനം എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 98)

സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ടി ശിപാർശ നിരസിച്ചു.

(സർക്കാർ കത്ത് നമ്പർ എ 2/76/2024-എസ്സ് & റ്റി.ഡി. തീയതി 7-7-2025)

ശിപാർശ

2210-06-107-97—കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

19—യന്ത്രോപകരണങ്ങൾ

വകുപ്പിനു കീഴിലെ വിവിധ ലബോറട്ടറികളിലെ ആവശ്യത്തിനുള്ള യന്ത്രോപകരണങ്ങൾ കാലാനുസൃതമായി മാറ്റി ആധുനിക നിലവാരത്തിലുള്ള ഗ്യാസ് ക്രൊമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോമീറ്റർ (GCMS) വാങ്ങുന്നതിനായും, മൈക്രോവേവ് ഡൈജസ്റ്റർ എന്ന ഉപകരണം തിരുവനന്തപുരം, എറണാകുളം ലാബുകളിലേക്കും, മറ്റ് ചെറുകിട ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനായും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 67 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 99)

സ്വീകരിച്ച നടപടി

വിഭവ സമാഹരണത്തിന്റെ പശ്ചാത്തലത്തിൽ ഉപകരണങ്ങളുടെ വാങ്ങൽ ഒഴിവാക്കാൻ തീരുമാനിച്ചതിനാൽ അധികതുക ആവശ്യപ്പെട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 2/332/2024, തീയതി 23-7-2025)

ശിപാർശ

2210-06-107-97—കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

24—സാധനസാമഗ്രികൾ

വകുപ്പിന്റെ കീഴിലുള്ള മൂന്ന് ലബോറട്ടറികളിലെയും ദൈനംദിന അനാലിസിസ് പ്രവർത്തനങ്ങൾക്കാവശ്യമായ കെമിക്കലുകൾ, ഗ്ലാസ് ഉപകരണങ്ങൾ, അനലിറ്റിക്കൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ Ultra High Pure (UHP Gas) വാങ്ങുന്നതിനും മൂന്ന് ലബോറട്ടറികളിലും കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 100)

സ്വീകരിച്ച നടപടി

എൻ.എ.ബി.എൽഭ ആഡിറ്റിൽ ഉയർന്നിട്ടുള്ള പ്രധാനപ്പെട്ട പരാമർശമായതിനാൽ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്നതിലേക്ക് 18 ലക്ഷം രൂപ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 24-2-2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 618/2025/ആഭ്യന്തരം പ്രകാരം കോൾഡ് സ്റ്റോറേജ്, വിസറ സൂക്ഷിക്കുന്നതിനുള്ള സംവിധാനം സ്ഥാപിക്കുന്നതിനുമായി അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ദർഘാസ് നടപടികൾ സ്വീകരിക്കുകയും ആദ്യഘട്ടത്തിൽ ദർഘാസ് ടെക്നിക്കൽ പ്രശ്നം കാരണം റദ്ദ് ചെയ്യേണ്ടി വരുകയും ചെയ്തു. തുടർന്ന് പുനഃദർഘാസ് ചെയ്യുകയും ദർഘാസ് 15-3-2025-ന് തുറക്കുകയും ചെയ്തു. നിലവിൽ തിരുവനന്തപുരം ലബോറട്ടറിയിൽ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കോഴിക്കോട് ലബോറട്ടറിയിൽ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്നതിലേക്കുള്ള ഫിനാൻഷ്യൽ ബിഡ് തുറന്നിട്ടുണ്ട്. വർക്ക് ഓർഡർ നൽകുന്നതിലേക്കുള്ള ഘട്ടത്തിലേക്ക് നടപടി പുരോഗമിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ 2/332/2024, തീയതി 23-7-2025)

ശിപാർശ

2210-06-107-97—കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി

34-3—മറ്റിനം

വകുപ്പിലെ വിവിധ ഉപകരണങ്ങളുടെ വാർഷിക പരിപാലനത്തിനും സോഫ്റ്റ്‌വെയർ അപ്ഗ്രഡേഷനും ടെക്നിക്കൽ ഓഫീസർമാരുടെ പരിശീലനത്തിനുമായി നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 87 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 101)

സ്വീകരിച്ച നടപടി

വിഭവ സമാഹരണത്തിന്റെ പശ്ചാത്തലത്തിൽ അധിക തുക ആവശ്യപ്പെട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ 2/332/2024, തീയതി 23-7-2025)

ശിപാർശ

2230-01-103-48—പ്രവാസി കേരളീയരുടെ പുനരധിവാസം, പുന-ഏകീകരണം, ഏകോപനം

മടങ്ങിവരുന്ന പ്രവാസികൾക്കായി നോർക്ക-റൂട്ട്സിന്റെയും സർക്കാരിന് അകത്തും പുറത്തുമുള്ള മറ്റ് ഏജൻസികളുടെയും സഹായത്തോടെ സ്റ്റാർട്ടപ്പുകൾ, സംരംഭങ്ങൾ, നൈപുണ്യ പരിശീലനം എന്നിവ ആരംഭിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 66 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 117)

സ്വീകരിച്ച നടപടി

പ്രവാസി കേരളീയരുടെ പുനരധിവാസം, പുനർ ഏകീകരണം, ഏകോപനം പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 44 കോടി രൂപയിൽ ഭരണാനുമതി നൽകിയ 9 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

2230-01-103-48 പ്രവാസി കേരളീയരുടെ പുനരധിവാസം പുനർ ഏകീകരണം, ഏകോപനം പദ്ധതിയ്ക്ക് ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴിയോ അധികമായി തുകയൊന്നും വകയിരുത്തിയില്ല.

(സർക്കാർ കത്ത് നമ്പർ ബി1/15/2025/നോർക്ക. തീയതി 20-6-2025)

ശിപാർശ

3475-00-115-99—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രോജക്ടുകൾ (ആർ.കെ.ഐ.)

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ റവന്യൂ ചെലവുകൾക്കായുള്ള ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഓഫീസ് അനുബന്ധ ചെലവുകൾക്കും പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട് യൂണിറ്റിന്റെ വേതനം മുതലായ ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 119)

<u>സ്വീകരിച്ച നടപടി</u>

3475-00-115-99-കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ എന്ന ശീർഷകത്തിൽ, 22-4-2024-ലെ സ.ഉ.(സാധാ) നമ്പർ 3551/2024/ധന പ്രകാരം 3,44,66,000 രൂപ അധികമായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ ആർ.കെ.ഐ 3/9/2025 ആസാവ. തീയതി 5-6-2025)

<u>ശിപാർശ</u>

5475-00-115-94—<u>കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ലോക ബാങ്ക് സഹായം - ആർ.കെ.ഡി.പി. പോളിസി ലോൺ)</u>

ആർ.കെ.ഐ. പദ്ധതികൾക്കായി 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് ഏകദേശം 1165 കോടി രൂപ ആവശ്യമായി വരുമെന്നതിനാലും ആർ.കെ.ഐ.യുടെ എല്ലാ പദ്ധതികളും നിർവ്വഹണഘട്ടത്തിലാണെന്നും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 165 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 120)

<u>സ്വീകരിച്ച നടപടി</u>

5475-00-115-94 - കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ലോക ബാങ്ക് സഹായം - ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ) എന്ന ശീർഷകത്തിലേക്ക് 28-3-2025-ലെ സ.ഉ.(സാധാ) നമ്പർ 3252/2025/ധന. പ്രകാരം 31,71, 50, 000 രൂപ അധികമായി അനുവദിച്ചു.

(സർക്കാർ കത്ത് നം. ആർ.കെ.ഐ 3/9/2025 ആസാവ. തീയതി 5-6-2025)

<u>ശിപാർശ</u>

5475-00-115-93—<u>കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ-(കെ.എഫ്.ഡബ്ല്യൂ-സഹായം-ആർ.കെ.ഡി.പി.പ്രോജക്ട് ലോൺ)</u>

പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ കെ.എഫ്.ഡബ്ല്യൂ സഹായത്തോടെയുള്ള റോഡ് പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 900 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 121)

<u>സ്വീകരിച്ച നടപടി</u>

5475-00-115-93 - കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ല്യൂ - സഹായം - ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ) എന്ന ശീർഷകത്തിലേക്ക് 18-2-2025-ലെ സ.ഉ.(സാധാ) നം. 1541/2025/ധന ഉത്തരവ് പ്രകാരം 31,26,30,000 രൂപ 28-3-2025-ലെ സ.ഉ.(സാധാ) നം. 3251/2025/ധന ഉത്തരവ് പ്രകാരം 6,74,00,000 രൂപ എന്നിങ്ങനെ ആകെ 38,00,30,000 രൂപ അധികമായി അനുവദിച്ചു.

(സർക്കാർ കത്ത് നം. ആർ.കെ.ഐ 3/9/2025 ആസാവ. തീയതി 5-6-2025)

<u>ശിപാർശ</u>

2852-07-101-99—<u>കെ - ഫോൺ - സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ടിവിറ്റി</u>

രണ്ട് ലക്ഷത്തി അമ്പതിനായിരം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 87.60 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 122)

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷത്തിൽ 16.40 കോടി രൂപയാണ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള സ്കീമിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത സ്കീമിന് 16.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ, 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, 10 കോടി രൂപയിൽ കൂടുതൽ അടങ്കലുള്ള ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ ഭരണാനുമതി

നൽകിയ ആകെ തുകയുടെ 50% ആയി നിജപ്പെടുത്തുകയോ ചെയ്യേണ്ടിയിരുന്നു. തുടർന്ന്, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള സ്കീമിനായി 10.95 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുകയും 10.95 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തു. പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ നൽകാൻ കഴിഞ്ഞ സൗജന്യ കണക്ഷനുകളുടെ ചെലവ് വഹിക്കാൻ പര്യാപ്തമാണ്. ആയതിനാൽ കൂടുതൽ തുക ഉപധനാഭ്യർത്ഥന/ ധനപുനർവിനിയോഗം മുഖേന ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം. ഐ.റ്റി.-ബി1/56/2025-ഐ.റ്റി.ഡി. തീയതി 3-5-2025)

<u>ശിപാർശ</u>

2852-07-202-76—<u>ഇലക്ട്രോണിക്സ്-സൈബർ പാർക്കിന്റെ വിപണനം, വാണിജ്യമുദ്ര പതിപ്പിക്കൽ, പ്രചാരണം</u>

സൈബർ പാർക്കിന്റെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ, പ്രചാരണം, ബ്രാന്റിംഗ് എന്നിവയിലേക്ക് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപയും കെ.എസ്.ഐ.റ്റി.ഐ.എൽ.-ന്റെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ (പുതിയ പദ്ധതി)യിൽ ഐ.റ്റി. ഇടനാഴിയുമായി ബന്ധപ്പെട്ട് അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനും റോഡ്ഷോ, അഖിലേന്ത്യ പത്രങ്ങളിൽ വ്യാപകമായ പ്രചാരണം എന്നിവയ്ക്കായി 5 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 123)

<u>സ്വീകരിച്ച നടപടി</u>

കോഴിക്കോട് സൈബർപാർക്കിന് 2024-25 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കായി ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകിയിരുന്നെങ്കിലും ടി സാമ്പത്തിക വർഷം പ്രസ്തുത തുക തന്നെ അനുവദിക്കുവാൻ കഴിഞ്ഞില്ല. അതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നം. ഐ.ടി.എ 1/21/2025/ഇ&ഐ.ടി.ഡി. തീയതി 11-6-2025)

<u>ശിപാർശ</u>

2852-07-202-72—<u>യുവസംരംഭകത്വ വികസന പരിപാടി</u>

വിദ്യാർത്ഥികളിൽ സംരംഭകത്വത്തിനുള്ള താൽപര്യം ജനിപ്പിക്കുകയും നൂതന സാങ്കേതികവിദ്യയിലോ സാമൂഹിക പ്രതിബദ്ധതയുള്ളതോ ആയ ആശയങ്ങൾക്ക് സഹായം നൽകി സംരംഭങ്ങളാക്കി മാറ്റുന്നതിനാവശ്യമായ വിവിധ ഘടകങ്ങൾ

ഉൾപ്പെടുന്ന പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. യുവസംരംഭകത്വ പദ്ധതിയുടെ ഉപഘടകമായ ഫണ്ട് ഓഫ് ഫണ്ട് വിഹിതത്തിനും, ലീപ് പദ്ധതി വ്യാപിപ്പിക്കുന്നതിനും, സ്റ്റാർട്ടപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ 35 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 124)

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷത്തിൽ യുവ സംരംഭകത്വ പദ്ധതി നടപ്പാക്കുന്നതിലേക്കായി 70.52 കോടി രൂപയുടെ ഭരണാനുമതി കേരള സ്റ്റാർട്ടപ്പ് മിഷനു നൽകിയിരുന്നു. തുടർന്ന്, ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള സാമ്പത്തിക ക്രമീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതിയായ യൂത്ത് എന്റർപ്രിനർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനായുള്ള പദ്ധതി തുക 38.26 കോടി രൂപയായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ ഈ തുക പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ തന്നെ സബ്ജക്ട് കമ്മിറ്റി XIV-ന്റെ ശിപാർശ പ്രകാരമുള്ള 35 കോടി രൂപയുടെ അധിക വിഹിതം അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നം. ഐ.ടി.സെൽ2/191/2024/ഐ.ടി.ഡി. തീയതി 1-8-2025)

<u>ശിപാർശ</u>

2852-07-202-73—<u>ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐസിഫോസ്)</u>

4859-02-004-84—

സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം വ്യാപകമാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് ഐസിഫോസ്. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാന വളർച്ചയ്ക്ക് ഉത്തേജനം നൽകുന്നതിനും, സ്വതന്ത്ര ഹാർഡ്‌വെയർ, ലോറവാൻ ടെക്നോളജിയിലധിഷ്ഠിതമായ വികസനം ലക്ഷ്യമാക്കിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5.3589 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 125)

സ്വീകരിച്ച നടപടി

2024-2025 സാമ്പത്തിക വർഷം ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ(ഐസിഫോസ്)-ന് 4859-02-004-84, 2852-07-202-73 എന്നീ ശീർഷകങ്ങളിലായി ആകെ 7.35 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പിന്നീട്, ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 31-8-2024-ലെ ജി.ഒ.(പി)നം.76/2024/ധന ഉത്തരവിൽ, ഓരോ വകുപ്പും 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി തുക ആകെ വിഹിതത്തിന്റെ 50% ആയി നിജപ്പെടുത്തണമെന്ന് നിർദ്ദേശം നൽകുകയുണ്ടായി. മേൽ സാഹചര്യത്തിൽ, ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ(ഐസിഫോസ്)-ന് 2024-25 സാമ്പത്തിക വർഷം 4859-02-004-84, 2852-07-202-73 എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിരുന്ന തുക 50% ആയി കുറയ്ക്കുകയും, പ്രസ്തുത തുക മുഴുവനും അനുവദിച്ചുനൽകുകയും ചെയ്തു. ആയതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നം. ഐ.ടി.സി1/65/2025, തീയതി 21-7-2025)

ശിപാർശ

4859-02-004-96—സൈബർ പാർക്ക്

(01)—സംസ്ഥാന സഹായം

സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.70 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 126)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് സൈബർപാർക്കിന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി 4.40 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ആയതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത തുക തന്നെ ടി സാമ്പത്തിക വർഷം അനുവദിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നം. ഐ.ടി.എ 1/21/2025/ഇ&ഐ.ടി.ഡി. തീയതി 11-6-2025)

ശിപാർശ

4859-02-004-95—വിവര സാങ്കേതികവിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും

ടെക്നോപാർക്കിന്റെ ഭൂമി ഏറ്റെടുക്കൽ, അടിസ്ഥാന സൗകര്യ വികസനം, സ്ഥലമെടുപ്പ്, എൽ.എ.ആർ. കേസുകളുടെ തീർപ്പാക്കൽ, എസ്.എം.ഇ. സെക്ടറിലുള്ള ടെക്നോപാർക്കിന്റെയും ഐ.ടി. യൂണിറ്റിന്റെയും മാർക്കറ്റിംഗ് എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 29 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 127)

സ്വീകരിച്ച നടപടി

2024-2025 സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്കിന് ഭൂമി ഏറ്റെടുക്കൽ അടിസ്ഥാനസൗകര്യ വികസനം സ്ഥലമെടുപ്പ്, എൽ.എ.ആർ. കേസുകളുടെ തീർപ്പാക്കൽ, മാർക്കറ്റിംഗ് എന്നിവയ്ക്കായി ആകെ 27.47 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 31-8-2024 തീയതിയിലെ സ.ഉ(അച്ചടി)നം. 76/2024/ധന. നമ്പർ ഉത്തരവിൽ, ഓരോ വകുപ്പും പദ്ധതി വിഹിതം ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തണമെന്ന് മാർഗ്ഗനിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്കിന്റെ ആകെ പദ്ധതി വിഹിതം "ഭൂമി ഏറ്റെടുക്കലും എൽ.എ.ആർ. കേസുകളുടെ സെറ്റിൽമെന്റും" പദ്ധതിക്കുമാത്രമായി 13.735 കോടി രൂപയായി നിജപ്പെടുത്തുകയും ആയതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു. പ്രസ്തുത പദ്ധതിക്കായി ടി സാമ്പത്തിക വർഷം 10.3599 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല. അതിനാൽ 2024-2025 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നം. ഐ.ടി.എ 1/21/2025/ഇ&ഐ.ടി.ഡി. തീയതി 11-6-2025)

ഭാഗം - II

2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ആകെ 137 ശിപാർശകളാണുണ്ടായിരുന്നത്. അതിൽ 97 ശിപാർശകൾക്കുള്ള മറുപടി സർക്കാരിൽ നിന്നും ലഭിച്ചു. 40 ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽനിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത് :

| ശിപാർശ / ഖണ്ഡിക നമ്പർ | വകുപ്പ് |
|---|---|
| 25-30, 34, 35<br>38,40,42,44,45 | ആഭ്യന്തര (എസ്) വകുപ്പ് |
| 52,118 | ദുരന്തനിവാരണ വകുപ്പ് |
| 102-116 | ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് |
| 128-131 | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ വകുപ്പ്. |
| 132-137 | ഗതാഗത (ഇ) വകുപ്പ് |

തിരുവനന്തപുരം,
2025 ഒക്ടോബർ, 4.

**പിണറായി വിജയൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIV.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.